Printed at Kerala State C-apt, Tel: 0471-2365678

# ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ നിയമം, 2016



**ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്**

Anjaneya, TC-9/1023(1), Sasthamangalam, Thiruvananthapuram 695 010

Tel: 0471-2720977, Fax: 0471-2727704, E-mail: scpwdkerala@gmail.com

**www.scpwd.kerala.gov.in**

# ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ നിയമം, 2016



കേരള സർക്കാർ
**പിണറായി വിജയൻ**
മുഖ്യമന്ത്രി

നം. 320/പ്രസ്/സി.എം.ഒ/21 — 25 നവംബർ, 2021

## സന്ദേശം

ഭിന്നശേഷി സമൂഹത്തെ മറ്റേതൊരു ജനവിഭാഗത്തെയും പോലെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിച്ച് സ്വയം പര്യാപ്തരാക്കുക എന്നതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം.

അന്താരാഷ്ട്ര ഭിന്നശേഷി ദിനാഘോഷത്തിന്റെ ഭാഗമായി സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ് ഭിന്നശേഷി അവകാശ നിയമത്തെക്കുറിച്ച് ഒരു കൈപ്പുസ്തകം പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. ഭിന്നശേഷി സമൂഹത്തിന്റെ അവകാശങ്ങളെക്കുറിച്ച് പൊതുസമൂഹത്തെ ബോധവത്ക്കരിക്കുന്നതിന് ഈ കൈപ്പുസ്തകം ഉപകാരപ്രദമാകുമെന്ന് കരുതുന്നു.

എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**

ഡോ. ആർ.ബിന്ദു
ഉന്നതവിദ്യാഭ്യാസവും
സാമൂഹ്യനീതിയും വകുപ്പ് മന്ത്രി

കേരള സർക്കാർ



# മുൻവാക്ക്

ഭിന്നശേഷി സമൂഹത്തിന്റെ ക്ഷേമത്തിന് സംസ്ഥാനസർക്കാർ ആവിഷ്കരിച്ചു നടപ്പാക്കുന്ന വിവിധ പദ്ധതികളെ കൂടുതൽ വിപുലപ്പെടുത്തുന്ന ഉദ്യമങ്ങളിലാണ് സാമൂഹ്യനീതി വകുപ്പ്. അവരുടെ അവകാശങ്ങൾ ഉറപ്പാക്കണമെന്നും സാർവദേശീയമായി ഉയർന്നുവന്നിട്ടുള്ള അവബോധത്തെക്കൂടി പ്രതിഫലിപ്പിച്ചുകൊണ്ട് അവരുടെ അവകാശമേഖലകൾ വികസിപ്പിക്കണമെന്നുമാണ് സർക്കാരിന്റെ സമീപനം.

അറിയാനുള്ള അവകാശം മറ്റെല്ലാ അവകാശങ്ങളെക്കാൾ പ്രധാനമാണെന്ന് ഇന്ന് നമുക്കറിയാം. ഭിന്നശേഷിക്കാരായവർക്ക് സമൂഹത്തിൽ തുല്യത ഉറപ്പാക്കാനും യാതൊരു വിവേചനവും അവർ നേരിടുന്നില്ലെന്ന് ഉറപ്പാക്കാനും കൊണ്ടുവന്ന സുപ്രധാന നിയമമാണ് 2016-ലെ ഭിന്നശേഷി അവകാശനിയമം. എന്നാൽ ഭിന്നശേഷി അവകാശനിയമം മാതൃഭാഷയിൽ ഇതേവരേക്കും ലഭ്യമായിരുന്നില്ല. അന്താരാഷ്ട്ര ഭിന്നശേഷി ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ് ഒരു കൈപ്പുസ്തകം വഴി ആ കുറവ് പരിഹരിക്കുന്നത് ഏറ്റവും ഉചിതമായി.

ഭിന്നശേഷി സമൂഹത്തിന്റെ കൈകളിലേക്ക് മാത്രമല്ല ഈ കൈപ്പുസ്തകം എത്തുകയെന്നത് കൂടുതൽ സന്തോഷകരമാണ്. സാമൂഹികമായ കൈത്താങ്ങിലൂടെ പാർശ്വവത്കൃത സമൂഹങ്ങളെ പൊതുധാരയിലേക്ക് ഉയർത്തുന്ന നിരവധി മാതൃകകളാണ് കേരളത്തെ എക്കാലവും വേറിട്ടതാക്കിയത്. ഭിന്നശേഷിസമൂഹത്തിന്റെ അവകാശസംരക്ഷണത്തിൽ ഉയർന്ന പങ്കുവഹിക്കാൻ പൊതുസമൂഹത്തെ പ്രാപ്തമാക്കാനും കൈപ്പുസ്തകം ഉതകും. അതിനാൽ എത്രയും പേരിലേക്ക് കൈപ്പുസ്തകമെത്തിക്കാൻ കഴിയണമെന്നും ആശിക്കുന്നു.

ഡോ. ആർ. ബിന്ദു.



കേരള സർക്കാർ

**റാണി ജോർജ്ജ് ഐ.എ.എസ്.**
*പ്രിൻസിപ്പൽ സെക്രട്ടറി*
*സാമൂഹ്യനീതിവകുപ്പ്*

## സന്ദേശം

ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. സാമൂഹ്യനീതി വകുപ്പും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളും ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യംനൽകുന്നു.

ഡിസംബർ 3 അന്താരാഷ്ട്ര ഭിന്നശേഷി ദിനമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ് ഒരു കൈപ്പുസ്തകം പ്രസിദ്ധീകരിക്കുന്നതായി അറിഞ്ഞതിൽ അതിയായ സന്തോഷം ഉണ്ട്. പ്രസ്തുത കൈപ്പുസ്തകത്തിൽ 2016-ലെ ഭിന്നശേഷി അവകാശ നിയമത്തെ സംബന്ധിച്ച വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. പ്രസ്തുത കൈപ്പുസ്തകം എല്ലാവർക്കും ഗുണകരമാവുമെന്നു പ്രതീക്ഷിക്കുന്നതോടൊപ്പം ഇതിനായി അക്ഷീണം പ്രവർത്തിച്ച എല്ലാവർക്കും ഭാവുകങ്ങൾ നേരുകയും ചെയ്യുന്നു.

Rani George

**റാണി ജോർജ്ജ് ഐ.എ.എസ്.**
പ്രിൻസിപ്പൽ സെക്രട്ടറി



കേരള സർക്കാർ

എസ്.എച്ച്. പഞ്ചാപകേശൻ
സംസ്ഥാന ഭിന്നശേഷി കമ്മീഷണർ

## ഒരുവാക്ക്

നമ്മുടെ മാതൃഭാഷയിൽ 2016 ലെ ഭിന്നശേഷിക്കാരുടെ അവകാശ നിയമം ആധികാരികമായി തർജ്ജമ ചെയ്യുന്നതിനുള്ള അധികാരം കേരള ഔദ്യോഗിക ഭാഷാ കമ്മീഷനിൽ നിക്ഷിപ്തമാണ്. അപ്രകാരം ഒരു ആധികാരിക ഗ്രന്ഥം മലയാളത്തിൽ ഇറക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നു എന്നു കണ്ടപ്പോൾ, ഔദ്യോഗിക ഭാഷാ കമ്മീഷനുമായി ഔദ്യോഗിക കത്തിടപാടുകളും, അന്വേഷണങ്ങളും സംസ്ഥാന ഭിന്ന ശേഷി കമ്മീഷണറേറ്റിൽ നിന്നും നടത്തിയിരുന്നു. എന്നാൽ അപ്ര കാരം ഔദ്യോഗിക തർജ്ജമ യാഥാർത്ഥ്യമാകുന്ന കാര്യത്തിൽ പല കാരണങ്ങൾ കൊണ്ടും താമസം വരുന്നു എന്നു കണ്ടതിനാലാണ് ഇപ്രകാരം ഒരു കൈപ്പുസ്തകം പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചത്. ഭിന്നശേഷിക്കാരായ നമ്മുടെ സഹോദരങ്ങളിൽ പലരും എന്നോട് നേരിട്ടും, കമ്മീഷണറേറ്റിലും ബന്ധപ്പെട്ട് അവർക്ക് നിയമം നൽകി യിരിക്കുന്ന പല അവകാശങ്ങളെപ്പറ്റിയും അന്വേഷിക്കുക പതിവാണ്. അറിയാനുള്ള അവരുടെ അവകാശ സംരക്ഷണം മറ്റെല്ലാ അവകാ ശങ്ങളെക്കാളും വിലപ്പെട്ടതാണ് എന്ന കാര്യം പ്രത്യേകം പറയേണ്ട തില്ലല്ലോ. നമ്മുടെ ഗവൺമെന്റ് ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കുമായി ചെയ്തുവരുന്ന നൂതന പദ്ധതികൾ ലോകത്തിനു തന്നെ മാതൃകയായി മാറിക്കൊണ്ടിരിക്കുകയാണ്. അത്തരം വിവര ങ്ങളും നിയമ വ്യവസ്ഥകളും, അവയിലധിഷ്ഠിതമായ അവകാശ വിവ രങ്ങളുമൊക്കെ സാധാരണക്കാരിൽ എത്തിക്കുക എന്നതും സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിന്റെ ചുമതല തന്നെയാണ്.

അത്തരം ഒരു സാഹചര്യത്തിലാണ് ഇപ്രകാരം ഒരു കൈപ്പുസ്തകം പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചത്.

സംസ്ഥാന കമ്മീഷണറേറ്റിലെ ദൈനംദിന ജോലി തിരക്കിനിടയിൽ ഇത്തരം ഒരു കൈപ്പുസ്തകം തയ്യാറാക്കേണ്ടി വന്നപ്പോൾ, ആഗ്രഹിച്ച നിലയിലുള്ള പൂർണത പുസ്തകത്തിന് കൈവന്നു എന്നു പറയാൻ കഴിയുന്നില്ല. എന്നാലും ഈ നിയമത്തെപ്പറ്റിയുള്ള ആദ്യാക്ഷരങ്ങൾ നമ്മുടെ സഹോദരങ്ങൾക്ക് പകരാനുള്ള ഒരു എളിയ ശ്രമമെന്ന നിലയിൽ സംതൃപ്തി ഉണ്ട് എന്ന കാര്യം പറയാതിരിക്കേണ്ടതില്ലല്ലോ. ഇതിൽ പിശകുകളും കുറവുകളും വന്നിട്ടുണ്ടെങ്കിൽ ഇതിന്റെ തുടർന്നുള്ള പതിപ്പുകളിൽ അവ തിരുത്തി മുന്നോട്ട് പോകാം എന്ന പ്രതീക്ഷയാണുള്ളത്.

ഇത്തരം ഒരു പുസ്തകം തയ്യാറാക്കുന്നതിന് എന്നെ നല്ല മനസ്സോടെ സഹായിച്ച 'ലോ ആന്റ് ജസ്റ്റിസ് റിസർച്ച് ഫൗണ്ടേഷനിലെ അഡ്വ. ജിനോ എം. കുര്യൻ, അഡ്വ. നീലിമ വി. നായർ എന്നിവരുടെ സേവനത്തെ ഞാൻ നൂറിൽ നൂറ് മാർക്കിട്ടാണ് അംഗീകരിക്കുന്നത്. അത്രയേറെ ആത്മാർഥമായാണ് അവർ രണ്ടു പേരും ഇതിന്റെ പണിപ്പുരയിൽ പ്രവർത്തിച്ചത്. ചുരുങ്ങിയ സമയം കൊണ്ട് ഇത്തരം ഒരു പുസ്തകം യാഥാർത്ഥ്യമാക്കുന്നതിന് എന്നെ സഹായിച്ച സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ. സുനിൽ കെ. ബാബു (Joint Secretary to Govt. of Kerala), ശ്രീ സാബു പി.സി (Deputy Secretary to Govt. of Kerala), ശ്രീമതി ലത എം.എസ്. (Deputy Secretary to Govt. Finance Department) കമ്മീഷണറേറ്റിലെ ജീവനക്കാരായ എന്റെ മറ്റു സഹോദരങ്ങൾ, ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന ഞങ്ങളുടെ നല്ല സുഹൃത്തുക്കൾ പിന്നെ ഈ പുസ്തകം ഇത്രയേറെ ആകർഷകമായ നിലയിൽ യാഥാർത്ഥ്യമാക്കിയ തിരുവനന്തപുരം സി-ആപ്റ്റിലെ ഞങ്ങളുടെ സുഹൃത്തുക്കൾ അങ്ങനെ എല്ലാപേരോടും നന്ദി പറഞ്ഞു കൊണ്ട് ഈ ചെറിയ പുസ്തകം ഞങ്ങൾ സമർപ്പിക്കുന്നു.

എല്ലാവർക്കും നല്ലതും നന്മയും ഉണ്ടാകണം എന്ന പ്രാർത്ഥനയോടെ

എസ്.എച്ച്. പഞ്ചാപകേശൻ



# ആമുഖം

The Persons with Disabilities (Equal Opportunity Protection of Rights and Full Participation) Act 1995 പ്രകാരം 1999 ൽ ആണ് കേരളത്തിൽ ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണത്തിനായുള്ള കമ്മീണറേറ്റ് സ്ഥാപിതമായത്. എന്നാൽ 1995 ലെ നിയമം 2016 ലെ The Rights of Persons with Disabilities Act., 19.04.2017 - ൽ നടപ്പിലാക്കിയതുമൂലം റദ്ദാക്കപ്പെട്ടു. അതിന് ശേഷം 2016 ലെ ഭിന്നശേഷി അവകാശ സംരക്ഷണ നിയമപ്രകാരം ആണ് കമ്മീഷണറേറ്റ് പ്രവർത്തിച്ചുവരുന്നത്. 2016 ലെ ഭിന്നശേഷി നിയമം പൂർണ്ണമായും നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുകയും നിരീക്ഷിക്കുകയും ചെയ്യുക., പ്രസ്തുത നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ഭിന്നശേഷിക്കാർക്ക് ലഭിക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളുക. അവ നടപ്പിലാക്കുമ്പോൾ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള പ്രശ്നങ്ങളും പോരായ്മകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അവ ക്രിയാത്മകമായി പരിഹരിച്ച് ഭിന്നശേഷിക്കാരുടെ ക്ഷേമം ഉറപ്പുവരുത്തുക എന്നിവയൊക്കെയാണ് സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിൽ നിക്ഷിപ്തമായിട്ടുള്ള പ്രധാന ചുമതലകൾ.

ഭിന്നശേഷിക്കാർക്ക് തുല്യത ഉറപ്പ് വരുത്തുക, യാതൊരു വിധത്തിലുള്ള വേർതിരിവും സമൂഹത്തിൽ ഉണ്ടാകാതിരിക്കുവാനുള്ള നടപടികൾ കൈക്കൊള്ളുക എന്നത് കമ്മീഷണറേറ്റിന്റെ പ്രധാന ചുമതലയാണ്. ഭിന്നശേഷിക്കാരായ സ്ത്രീകൾക്കും കുട്ടികൾക്കും അവസര സമത്വം ഉറപ്പാക്കുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിച്ച് സമൂഹത്തിലെ മറ്റുള്ളവർക്കൊപ്പം തുല്യത കൈവരിക്കുന്നതിനുള്ള സഹായങ്ങൾ ചെയ്തു കൊടുക്കുന്നതിനുള്ള ഉത്തരവാദിത്തവും കമ്മീഷണറേറ്റിൽ നിക്ഷിപ്തമാണ്. ഭിന്നശേഷിക്കാരായ സ്ത്രീകൾക്കും കുട്ടികൾക്കും സമൂഹത്തിൽ അവസര സമത്വം ലഭിക്കുന്നതിനും ഭിന്നശേഷിക്കാർക്ക് സമൂഹത്തിൽ മാന്യമായും അന്ത

സ്സോടെയും ജീവിക്കുന്നതിനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കുന്നതിനുള്ള ഉത്തരവാദിത്തവും കമ്മീഷണറേറ്റിന് ഉണ്ട്.

ഭിന്നശേഷിക്കാരോട് ക്രൂരമായും മനുഷ്യത്വരഹിതമായും ഉള്ള പെരുമാറ്റം ഒരിടത്തുനിന്നും ഉണ്ടാകുന്നില്ല എന്ന് കമ്മീഷണറേറ്റ് ഉറപ്പ് വരുത്തേണ്ടതാണ്. ഭിന്നശേഷിക്കാരെ ചൂഷണങ്ങൾക്കോ ദുരുപയോഗങ്ങൾക്കോ മറ്റ് അക്രമ പ്രവർത്തനങ്ങൾക്കോ വിധേയരാക്കുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടാൽ അവ ഒരു Cognizable offence (നടപടി എടുക്കാവുന്ന കുറ്റകൃത്യം) ആയി കണ്ട് അതിനെതിരെ നിയമനടപടികൾ കൈക്കൊള്ളുന്നതിനുള്ള ചുമതലയും ആവശ്യമെന്ന് കാണുകയാണെങ്കിൽ കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ കൈക്കൊള്ളുവാനുള്ള ഉത്തരവാദിത്തവും കമ്മീഷണറേറ്റിന് ഉണ്ട്. അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ടി വിവരം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിനെ അറിയിക്കാനുള്ള ചുമതലയും കമ്മീഷണറേറ്റിന് ഉണ്ട്. അത്തരം കേസ്സുകളിൽ ചൂഷണത്തിനോ അതിക്രമങ്ങൾക്കോ വിധേയമാകുന്നവരെ നിയമപ്രകാരം പുനരധിവസിപ്പിക്കാനും അവർക്ക് സൗജന്യ നിമയസഹായം ചെയ്ത് കൊടുക്കുന്നതിനും അപ്രകാരം പീഢനങ്ങൾക്ക് ഇരയായവരുടെ അവകാശ സംരക്ഷണത്തിന് പ്രോസിക്യൂഷൻ നടപടികൾ കൈക്കാള്ളുവാനും കമ്മീഷണറേറ്റിന് നിയമപ്രകാരം ചുമതലയുണ്ട്.

ഭിന്നശേഷിക്കാർ ഏതെങ്കിലും വിധത്തിലുള്ള ദുരന്തങ്ങളിൽപ്പെട്ട് പോകുകയാണെങ്കിൽ ദുരന്തനിവാരണ അതോറിറ്റിയുമായി സഹകരിച്ച് അത്തരം ആളുകളുടെ ദുരന്തനിവാരണം ഉറപ്പാക്കുന്നതിനും കമ്മീഷണറേറ്റിന് ചുമതലയുണ്ട്. ഭിന്നശേഷിക്കാരനായ ഒരു കുട്ടിയും തന്റെ സ്വന്തം കുടുംബത്തിൽ നിന്നും വേർപെട്ട് പോകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ട ചുമതലയും കമ്മീഷണറേറ്റിന് ഉണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ ഭിന്നശേഷിക്കാരനായ ഒരു കുട്ടി തന്റെ കുടുംബത്തിൽ നിന്നും വേർപെട്ട് പോയി എന്ന വിവരം കമ്മീഷണറേറ്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ആ കുട്ടിയെ അതിന്റെ മാതാപിതാക്കളുടെയോ അടുത്ത



ബന്ധുക്കളുടെയോ സംരക്ഷണയിൽ എത്തിക്കുന്ന ചുമതലയും കമ്മീഷണറേറ്റിന് ഉണ്ട്. എന്നാൽ ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ അപ്രകാരം ഭിന്നശേഷിക്കാരായ കുട്ടിയെ തന്റെ മാതാപിതാക്കളുടെയോ അടുത്ത ബന്ധക്കാരുടേയോ സംരക്ഷണയിൽ എത്തിക്കാൻ കഴിയില്ലെങ്കിൽ കോടതി ഉത്തരവ് പ്രകാരം ആ കുട്ടിയെ സർക്കാർ പുനരധിവാസകേന്ദ്രത്തിലോ സർക്കാർ അംഗീകൃത പുനരധിവാസ കേന്ദ്രത്തിലോ എത്തിക്കുന്നതിന് വേണ്ട നടപടികളും കമ്മീഷണറേറ്റ് കൈക്കൊള്ളേണ്ടതാണ്.

ജനാധിപത്യരാജ്യമായ നമ്മുടെ രാജ്യത്ത് തിരഞ്ഞെടുപ്പുകളിൽ തങ്ങളുടെ ഇഷ്ടപ്രകാരം പരസഹായം കൂടാതെ വോട്ട് രേഖപ്പെടുത്തുന്നതിനുള്ള സഹായ സംവിധാനങ്ങൾ തിരഞ്ഞെടുപ്പ് കമ്മീഷണറുമായി സഹകരിച്ചു നടപ്പാക്കുന്നതിനും കമ്മീഷണറേറ്റിന് ചുമതയുണ്ട്.

സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുമായി സഹകരിച്ച് ഭിന്നശേഷിക്കാർക്ക് നമ്മുടെ നിയമ സംവിധാനങ്ങളിൽ പ്രാപ്യതയും തുല്യതയും ഉറപ്പാക്കുക എന്നിവയൊക്കെ കമ്മീഷണറേറ്റിന്റെ പ്രധാന ചുതലകളാണ്.

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് മറ്റുള്ള കുട്ടികൾക്കൊപ്പം തുല്യത ഉറപ്പാക്കുക, ഒരു രീതിയിലും ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേർതിരിവ് ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തുക, വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നിയമംമൂലം ഉറപ്പാക്കിയിട്ടുള്ള 5% സംവരണം ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുക, അവരുടെ കലാകായിക അഭിരുചികൾ വികസിപ്പിക്കുന്നതിന് വേണ്ട നടപടികൾ കൈക്കാള്ളുക, സർക്കാരിൽനിന്നും ബഞ്ച് മാർക്ക് ഡിസെബിലിറ്റി (Bench Mark Disability) ഉള്ള കുട്ടികൾക്ക് സ്കോളർഷിപ്പും മറ്റ് ആനുകൂല്യങ്ങളും കിട്ടുന്നുണ്ട് എന്ന് ഉറപ്പു വരുത്തുക, അവരുടെ പഠന നിലവാരം ഉയർത്തുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുക, ഗവേഷണങ്ങൾ നടത്തുക എന്നിവയും കമ്മീഷണറേറ്റിന്റെ ചുമതലയിൽപ്പെടുന്നവയാണ്.

ഭിന്നശേഷിക്കാരായ ചെറുപ്പക്കാർക്ക് നൈപുണ്യ വികസനത്തിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും വേണ്ട സംശയങ്ങളും സംവിധാനങ്ങളും ഒരുക്കിക്കൊടുക്കുക അവരുടെ ബൗദ്ധികവും ശാരീരികവും ആയിട്ടുള്ള വികസനത്തിന് വേണ്ട ശാസ്ത്രീയ സംവിധാനങ്ങൾ ഒരുക്കുക അവരുടെ ഉൽപ്പന്നങ്ങൾ മാർക്കറ്റ് ചെയ്യുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക, തൊഴിൽ മേഖലയിൽ ഭിന്നശേഷിക്കാർ യാതൊരുവിധ വേർതിരിവിന്റെയും ഇരകൾ ആകുന്നില്ല എന്ന സംഗതി ഉറപ്പാക്കുക എന്നിവയെല്ലാം ഭിന്നശേഷി കമ്മീഷണറേറ്റിന്റെ പ്രവർത്തന പരിധിയിൽ വരുന്ന വിഷയങ്ങളാണ്.

ആരോഗ്യ സംരക്ഷണ മേഖലയിൽ ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണനയും പരിരക്ഷയും ഉറപ്പാക്കുന്നതും യാതൊരുവിധത്തിലുള്ള അവഗണനകൾക്കും ഭിന്നശേഷിക്കാർ വിധേയരാകുന്നില്ല എന്നും അവർക്ക് സർക്കാർ/സ്വകാര്യ ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളിലും കേന്ദ്രങ്ങളിലും പ്രാപ്യത ഉറപ്പാക്കേണ്ടതും ഭിന്നശേഷി കമ്മീഷറേറ്റിന്റെ ചുമതലയാണ്.

ഭിന്നശേഷി അവകാശ നിയമത്തിൽ ഉറപ്പാക്കിയിരിക്കുന്ന 4% സംവരണം സർക്കാർ പൊതുമേഖല ജോലികളിൽ ബഞ്ച് മാർക്ക് ഡിസെബിലിറ്റി ഉള്ള ഭിന്നശേഷിക്കാർക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള ചുമതല കമ്മീഷണറേറ്റിനുണ്ട്.

ഭിന്നശേഷിക്കാർക്ക് ബോധവൽക്കരണത്തിനായി ഉള്ള വിവിധ പ്രോഗ്രാമുകൾ സംഘടിപ്പിക്കുക അവരിലെ സർഗ്ഗ വാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക എന്നിവയൊക്കെ ഭിന്നശേഷി കമ്മീഷണറേറ്റിന്റെ ചുമതലയിൽപ്പെട്ട കാര്യങ്ങളാണ്.

ഭിന്നശേഷിക്കാർക്ക് പൊതുഗതാഗത സംവിധാനങ്ങളിൽ പ്രാപ്യതയും സമത്വവും ഉറപ്പുവരുത്തുക സർക്കാർ നടപ്പാക്കുന്ന വിവിധ ക്ഷേമ



പദ്ധതികളുടെ ഗുണം ഭിന്നശേഷിക്കാരിൽ എത്തിച്ചേരുന്നു എന്ന സംഗതി ഉറപ്പാക്കുന്നതിനുള്ള ചുമതലയും ഭിന്നശേഷി കമ്മീഷണറേറ്റിനുണ്ട്.

വ്യക്തമായ ടി നിയമ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാരുടെ ക്ഷേമവും അഭിവൃദ്ധിയും ലക്ഷ്യമിട്ടുകൊണ്ട് തന്നെയാണ് സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ് പ്രവർത്തിച്ചു വരുന്നത്.

ഇവയ്ക്കെല്ലാം പുറമെ സാധാരണക്കാരിൽ സാധാരണക്കാരായ നമ്മുടെ ഭിന്നശേഷി സഹോദരങ്ങൾക്ക് അവരുടെ അവകാശങ്ങളെപ്പറ്റിയുള്ള അറിവു പകരുന്നതും, നിയമബോധമുണ്ടാക്കുന്നതും സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിന്റെ പ്രധാന ചുമതല തന്നെയാണ്. അത്തരം ഒരു സംരക്ഷണത്തിന്റെ ഭാഗമായിട്ടാണ് ഈ പ്രസിദ്ധീകരണത്തെ കാണുന്നത്. കുറവുകളും കൈപ്പിഴകളും വന്നിട്ടുണ്ടെങ്കിൽ അവ ഞങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരിക, യാതൊരു തെറ്റുകുറ്റങ്ങളുമില്ലാതെ നമ്മുടെ തുടർന്നുള്ള പതിപ്പുകളിൽ പരിഹരിക്കാവുന്നതേയുള്ളു.

എല്ലാവർക്കും നന്മയും ക്ഷേമവും നേരുന്നു.

ആദരപൂർവ്വം

**എസ്.എച്ച്. പഞ്ചാപകേശൻ**
**സംസ്ഥാന ഭിന്നശേഷി കമ്മീഷണർ**

## ഉള്ളടക്കം


i. ചുരുക്കെഴുത്തുകൾ/നിർവചനങ്ങൾ ........ 19

ii. ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ നിയമം, 2016 ........ 21

1. എന്താണ് ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ നിയമം, 2016 ........ 22

2. ഭിന്നശേഷി വ്യക്തികളുടെ അവകാശ സംരക്ഷണത്തിന്റെ പ്രാധാന്യമെന്താണ്? ........ 23

3. ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ നിയമം, 2016 എങ്ങനെയാണ് 1995-ലെ നിയമത്തിൽ നിന്നും വ്യത്യസ്തമാകുന്നത്? ........ 23

4. എന്താണ് വിവേചനം (Discrimination)? ........ 25

5. ഭിന്നശേഷി വ്യക്തികൾക്ക് സമൂഹത്തിൽ ലഭിക്കേണ്ടുന്നതും സർക്കാർ ഉറപ്പുവരുത്തേണ്ടതുമായ അവകാശങ്ങൾ എന്തെല്ലാമാണ്? ........ 25

6. ഭിന്നശേഷി വ്യക്തികൾക്ക് നേരെയുള്ള അതിക്രമങ്ങൾക്കെതിരെ അവർക്ക് നിയമ പരിരക്ഷയുണ്ടോ? അവരുടെ പരാതികൾ പ്രത്യേകമായി പരിഗണിക്കുമോ? ........ 26

7. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് 2016-ലെ നിയമം എന്തു സംരക്ഷണമാണ് നൽകുന്നത്? ........ 28

8. ഭിന്നശേഷിക്കാരായ കുട്ടികൾക്കു പ്രാഥമിക വിദ്യാഭ്യാസം നിയമത്തിലൂടെ ഉറപ്പു വരുത്തുന്നുണ്ടോ? ........ 28

9. ഭിന്നശേഷിക്കാർക്ക് ഉപരിപഠന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനു മുൻഗണന ലഭിക്കുന്നതിനുള്ള സാധ്യതയുണ്ടോ? .... 30

10. ഭിന്നശേഷിക്കാർക്ക് രക്ഷാകർത്താവിനെ നൽകുന്നതിന് നിയമം സഹായിക്കുന്നത് എങ്ങനെയാണ്? ........ 30

11. ഭിന്നശേഷിക്കാരനായ വ്യക്തിക്ക് സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കാൻ എന്ത് നടപടികളാണ് നിയമം നിഷ്കർഷിക്കുന്നത്? ........ 32

12. ഭിന്നശേഷിക്കാരുടെ ആരോഗ്യപരിപാലനത്തിന് നിയമം നിഷ്കർഷിക്കുന്നുണ്ടോ? ........ 32

13. ഭിന്നശേഷി വ്യക്തിക്ക് അവകാശമുള്ളതും സർക്കാർ ഉറപ്പുവരുത്തേണ്ടതുമായ മറ്റു അവകാശങ്ങൾ എന്തെല്ലാമാണ്? ........ 33

14. ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് തൊഴിൽ പരിശീലനത്തിനും സ്വയം തൊഴിലിനുമായി സഹായങ്ങൾ ഗവൺമെന്റിൽ നിന്നും ലഭ്യമാണോ?........ 35
15. ഭിന്നശേഷിയുള്ളവർക്കു സർക്കാർ ജോലിയിലും ഉദ്യോഗക്കയറ്റത്തിലും മുൻഗണന ലഭിക്കുമോ?........ 36
16. ഭിന്നശേഷിക്കാർക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്നതിന് എന്തെങ്കിലും സഹായം സർക്കാരിനു നൽകുവാൻ സാധിക്കുമോ?...... 37
17. ഭിന്നശേഷിയുള്ളവർ തൊഴിൽപരമായ ബുദ്ധിമുട്ടുകൾ നേരിട്ടാൽ ആരെയാണ് സമീപിക്കേണ്ടത്?........ 38
18. ഭിന്നശേഷി വ്യക്തികളുടെ സംരക്ഷണത്തിന് വേണ്ടി സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്?........ 38
19. എന്താണ് ഭിന്നശേഷി സർട്ടിഫിക്കറ്റ് (Certificate of disability)? അത് എങ്ങനെയാണ് ലഭിക്കുക?........ 39
20. ഭിന്നശേഷി വ്യക്തികളുടെ അവകാശ സംരക്ഷണത്തിന് ഏതെല്ലാം അധികാര സ്ഥാപനങ്ങളാണുള്ളത്?........ 41
21. ഭിന്നശേഷി നിയമത്തിന്റെ കീഴിൽ പ്രത്യേക കോടതി അനുവദിച്ചു നൽകിയിട്ടുണ്ടോ?........ 41
22. ഭിന്നശേഷിയുള്ളവർക്കെതിരെയുള്ള അതിക്രമങ്ങൾക്ക് ഈ പ്രത്യേക നിയമപ്രകാരം ഉള്ള കുറ്റങ്ങളും ശിക്ഷകളും എന്തൊക്കെയാണ്?........ 41
23. നിലവിലുള്ള മറ്റു നിയമങ്ങൾ ഭിന്നശേഷിക്കാരായ വ്യക്തികളുടെ പുതിയ അവകാശനിയമത്തെ (RPwD Act, 2016) ഏതു വിധത്തിലാണ് ബാധിക്കുക?........ 43
24. 2016ലെ നിയമത്തിൽ മാറ്റങ്ങൾ വരുത്തുവാൻ സർക്കാരിന് അധികാരമുണ്ടോ?........ 43
25. കമ്മീഷനോ സർക്കാരോ ഉദ്യോഗസ്ഥരോ ഉത്തമവിശ്വാസത്തോടെ ചെയ്യുന്ന പ്രവർത്തികൾക്ക് സംരക്ഷണം ലഭിക്കുമോ?........ 44
26. നിയമത്തിൽ പ്രതിപാദിക്കുന്ന നിർദ്ദിഷ്ട പ്രത്യേക ഭിന്നശേഷികൾ എന്തെല്ലാമാണ്?........ 44
27. ഭിന്നശേഷിക്കാർക്കുള്ള യു.ഡി.ഐ.ഡി കാർഡ് (Unique Disability ID) എന്താണ്?........ 45
iii. ഉപസംഹാരം........ 46
iv. അനുബന്ധം........ 47



## ചുരുക്കെഴുത്തുകൾ/നിർവചനങ്ങൾ

| ഉപയോഗിച്ചിട്ടുള്ള വാക്ക് | പൂർണ്ണരൂപം/നിർവചനം |
|---|---|
| r/rs | Rule/Rules |
| s/ss | Section/Sections |
| 1995-ലെ നിയമം/PWD Act 1995/റദ്ദാക്കപ്പെട്ട നിയമം | ഭിന്നശേഷിക്കാർക്കായുള്ള (തുല്യവസരങ്ങൾ, അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) നിയമം, 1995/ Persons with Disabilities (Equal Opportunities, Protection of Rights and Full Participation) Act, 1995 |
| 2016ലെ നിയമം/പുതിയ നിയമം/RPwD Act, 2016 | ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ നിയമം, 2016/Rights of Persons with Disabilities Act, 2016 |
| ചട്ടങ്ങൾ 2017 | കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ ചട്ടങ്ങൾ 2017 |
| ചട്ടങ്ങൾ 2020 | കേരളസർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ ചട്ടങ്ങൾ, 2020 |
| UNCRPD, 2006 | United Nations Convention on the Rights of Persons with Disabilities, 2006/ ഐക്യരാഷ്ട്രസഭയുടെ ഭിന്നശേഷി അവകാശ കൺവൻഷൻ, 2006 |

## ഭിന്നശേഷിയുള്ള വ്യക്തികളുടെ അവകാശ നിയമം 2016

ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ സംരക്ഷണത്തിനുവേണ്ടിയുള്ള ഐക്യരാഷ്ട്രസഭയുടെ ഭിന്നശേഷി അവകാശ കൺവൻഷൻ (UNCRPD, 2006) ലോക ചരിത്രത്തിലെ നാഴികക്കല്ലാണ്. 2006 ഡിസംബർ 13-നു ഐക്യരാഷ്ട്രസഭയുടെ പൊതുസമ്മേളനം സ്വീകരിച്ച കൺവൻഷൻ 2008 മെയ് 3-നു ഇരുപത് രാജ്യങ്ങളുടെ അംഗീകാരത്തോടെ നിലവിൽ വന്നു. ഇപ്പോൾ 184 രാജ്യങ്ങൾ ഈ കൺവൻഷന്റെ അംഗങ്ങളാണ്. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രങ്ങളിൽ ഒന്നായ ഇന്ത്യ ഈ കൺവൻഷനെ 2007 ഒക്ടോബർ 1-നു അംഗീകരിച്ചു. പിന്നീട് 2016-ൽ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ നിയമത്തിലൂടെ (RPwD Act, 2016) അത് രാജ്യത്ത് പ്രാബല്യത്തിൽ വരുത്തി. അതുവരെ ഉണ്ടായിരുന്ന 1995-ലെ ഭിന്നശേഷി നിയമം (PWD Act, 1995) റദ്ദാക്കി കൊണ്ട് 2017 ഏപ്രിൽ 19-നാണ് കേന്ദ്ര സർക്കാർ ഭിന്നശേഷിക്കാരായ വ്യക്തികളടെ പുതിയ അവകാശ നിയമം പ്രാബല്യത്തിൽ വരുത്തിയത്. പുതിയ നിയമം സുശക്തമായി നടപ്പിൽ വരുത്തുന്നതിനുവേണ്ടി കേന്ദ്രസർക്കാരിനും സംസ്ഥാന സർക്കാരുകൾക്കും പ്രത്യേകമായ ചട്ടങ്ങൾ നിർമ്മിക്കാവുന്നതാണ്. ആയതിൻ പ്രകാരം കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ ചട്ടങ്ങൾ 2017, കേരള സർക്കാരിന്റെ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ ചട്ടങ്ങൾ 2020 എന്നിവ അവരുടെ അവകാശ സംരക്ഷണത്തിന്റെ ഭാഗമായി സംസ്ഥാനത്തു നിലവിലുള്ള നിയമസംഹിതകളാണ്. ഈ നിയമപ്രകാരം ഭിന്നശേഷിയുള്ള വ്യക്തികളുടെ അവകാശ ലംഘനത്തിന് രണ്ടു വർഷം വരെ തടവും അഞ്ചു ലക്ഷം രൂപവരെ പിഴയും ശിക്ഷ ലഭിക്കാവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള കേന്ദ്ര-സംസ്ഥാന കമ്മീഷനുകൾ നിയമത്തിന്റെ ലക്ഷ്യങ്ങളെ പൊതുജന പ്രാപ്യമാക്കി നിലനിർത്തുന്നതിനു പ്രധാന പങ്കു വഹിക്കുന്നു. കൂടാതെ രാജ്യത്ത് എല്ലാ ജില്ലകളിലും പ്രത്യേക ജില്ലാ കോടതി ബെഞ്ചും ഈ വിഷയത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

**1. എന്താണ് ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ നിയമം, 2016?**

ഐക്യരാഷ്ട്രസഭയുടെ കൺവൻഷന്റെ ചുവടുപിടിച്ച് നിലവിൽ വന്ന ഭിന്നശേഷിക്കാരായവരുടെ അവകാശ നിയമം ഈ വിഭാഗത്തിലുള്ളവരുടെ അവകാശ സംരക്ഷണത്തിന്റെയും അവരുടെ വ്യക്തി മഹത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും കാവലാളാണ്. പതിനേഴു (17) ഭാഗങ്ങളിലായി നൂറ്റിരണ്ടു (102) വകുപ്പുകളും കൂടാതെ ഒരു പട്ടികയുമാണ് ഈ നിയമത്തിലുള്ളത്. അവകാശങ്ങൾ, അധികാരവകാശങ്ങൾ (Rights and Entitlements), വിദ്യാഭ്യാസം (Education), നൈപുണ്യ വികസനം, തൊഴിൽ (Skill Development and Employment), സാമൂഹ്യ സുരക്ഷിതത്വം, ആരോഗ്യം, പുനരധിവാസം, വിനോദം (Social Security, Health, Rehabilitation and Recreation), ബെഞ്ച്മാർക്ക് ഭിന്നശേഷിക്കാരുമായി ബന്ധപ്പെട്ട പ്രത്യേകഭാഗം (Special Provisions for Provisions for Persons with Benchmark Disabilities). സഹായം ആവശ്യമുള്ള ഭിന്നശേഷിക്കാർക്കുള്ള അവകാശങ്ങൾ (Special Provisions for Persons with Disabilities with High Support Needs), സർക്കാരിന്റെ ചുമതലകളും കർത്തവ്യങ്ങളും (Duties and Responsibilities of Appropriate Governments), ഭിന്നശേഷി വ്യക്തികൾക്ക് വേണ്ടിയുള്ള സ്ഥാപനങ്ങൾ അവയ്ക്കുള്ള രജിസ്ട്രേഷൻ ധനസഹായം (Registration of Institutions for Persons with Disabilities and Grants to such Institutions), ഭിന്നശേഷി സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട ഭാഗം (Certification of Specified Disabilities), കേന്ദ്ര സംസ്ഥാന തലത്തിലുള്ള ഭിന്നശേഷി ഉപദേശക ബോർഡുകളും ജില്ലാതലസമിതിയും (Central and State Advisory Boards on Disability and District Level Committee), ഭിന്നശേഷിയുള്ളവർക്കായുള്ള ചീഫ് കമ്മീഷണറേറ്റും സംസ്ഥാന കമ്മീഷണറേറ്റും (Chief Commissioner and State Commissioner for Persons with Disabilities), പ്രത്യേക കോടതി (Special Court), ഭിന്നശേഷിയുള്ളവർക്കായുള്ള കേന്ദ്രഫണ്ട് (National Fund for Persons with Disabilities), സംസ്ഥാന ഫണ്ട് (State Fund for Persons with Disabilities), കുറ്റകൃത്യങ്ങളും പിഴകളും (Offences and Penalities), മറ്റു സെക്ഷനുകൾ (Miscellaneous) എന്നിങ്ങനെയാണ് അവ. നിയമത്തിന്റെ വകുപ്പ് 2(zc) യിൽ പ്രതിപാദിച്ചിട്ടുള്ള പ്രത്യേക ഭിന്നശേഷിയെ വിശദീകരിക്കുന്നതാണ് അവസാനമായി ചേർത്തിട്ടുള്ള പട്ടിക.



**2. ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ സംരക്ഷണത്തിന് വേണ്ടിയുള്ള ഐക്യരാഷ്ട്രസഭയുടെ കൺവൻഷന്റെ പ്രാധാന്യമെന്താണ്?**

ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ സംരക്ഷണത്തിന് അന്താരാഷ്ട്രതലത്തിൽ നിലനിൽക്കുന്ന പ്രധാനപ്പെട്ട കൺവൻഷൻ അഥവാ ഉച്ചകോടിയാണ് ഇത്. 2006-ൽ യു.എൻ. പൊതു സമ്മേളനം സ്വീകരിച്ച ഉച്ചകോടി ഭിന്നശേഷി വ്യക്തികളുടെ ശാക്തീകരണത്തിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു. (Preamble)

a. ഭിന്നശേഷിക്കാരുടെ വ്യക്തി മഹത്വത്തെ അംഗീകരിക്കുക. പരപ്രേരണ കൂടാതെ ഇഷ്ടാനിഷ്ടങ്ങൾ തീരുമാനിക്കുവാനും വ്യക്തി സ്വാതന്ത്ര്യം ഉറപ്പു വരുത്തുവാനും കഴിയുക.

b. വിവേചനമില്ലാതെ ആക്കുക.

c. പൂർണവും സജീവവുമായ സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തുക.

d. മനുഷ്യവർഗത്തോടും അതിന്റെ വൈവിധ്യത്തോടും ചേർത്ത് ഭിന്നശേഷിയുള്ളവരെ അംഗീകരിക്കുക.

e. തുല്യഅവസരങ്ങൾ ഉറപ്പുവരുത്തുക (Equal Opportunities)

f. പ്രാപ്യത (Accessibility)

g. ലിംഗനീതി ഉറപ്പുവരുത്തുക (Gender Justice)

h. ഭിന്നശേഷി കുട്ടികളുടെ കാര്യക്ഷമമായ വളർച്ചയ്ക്കും അവരുടെ അവകാശങ്ങൾക്കും പ്രാധാന്യം നൽകുക.

**3. ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ നിയമം 2016 എങ്ങനെയാണ് 1995 നിയമത്തിൽ നിന്നും വ്യത്യസ്തമാകുന്നത്?**

ഐക്യരാഷ്ട്രസഭയുടെ ഇക്കണോമിക് ആൻഡ് സോഷ്യൽ കമ്മീഷന്റെ ഏഷ്യ പസിഫിക് മേഖല ഭിന്നശേഷിയുള്ളവരുടെ ദശകം 1993-2002 പരിപാടിയുടെ ഭാഗമായി അവരുടെ പൂർണ്ണ പങ്കാളിത്തത്തിനും സമത്വത്തിനുമായുള്ള വിളംബരം (proclamation) നടത്തുകയുണ്ടായി. ഇതിൽ പങ്കെടുത്ത ഇന്ത്യ ഈ വിളംബരം രാജ്യത്തു നില

വിൽ വരുത്തുന്നതിനുവേണ്ടിയാണ് ഭിന്നശേഷിക്കാർക്കായുള്ള (തുല്യ വസരങ്ങൾ, അവകാശസംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) നിയമം, 1995-ൽ പാസ്സാക്കിയത്. ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന അവ കാശങ്ങൾ കൂടാതെ നിയമപരമായി ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണത്തിനായിട്ടുള്ള ശക്തമായ ചുവടുവെപ്പായിരുന്നു അത്. എന്നാൽ, അന്താരാഷ്ട്രതലത്തിൽ ഭിന്നശേഷിക്കാരുടെ അവകാശ ങ്ങൾക്കും അവരുടെ ഉന്നമനത്തിനുമായിട്ടുണ്ടായ പ്രത്യേക ഉച്ചകോ ടികളും, രാജ്യത്തു അവർക്ക് എതിരേ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അവരുടെ സമുന്നതമായ വളർച്ചക്കും ആ സമയത്ത് നിലനിന്നിരുന്ന നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ ആവശ്യമാ യിരുന്നു. അത് പ്രതീക്ഷിച്ചുകൊണ്ടാണ് 2016-ൽ നവ നിയമം കേന്ദ്ര സർക്കാർ കൊണ്ടുവന്നത്. തലക്കെട്ടിൽ തന്നെ ഭിന്നശേഷിയുള്ളവരെ വ്യക്തികളായിഅംഗീകരിച്ചുകൊണ്ട്ഭിന്നശേഷിക്കാരായവ്യക്തികളുടെ അവകാശ നിയമം, 2016 എന്ന് പുതിയ നിയമത്തിനു പേരു നൽകി. മുൻ നിയമം കേവലം ഏഴു തരത്തിലുള്ള വൈകല്യങ്ങളോ മാത്രം പരിഗണി ച്ചിരുന്നപ്പോൾ 2016-ലെ നിയമം 21 തരത്തിലുള്ള വൈകല്യങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പഴയനിയമം 40% അംഗപരിമിതിയുള്ളവരെ മാത്രം നിയമത്തിന്റെ പരിരക്ഷയിൽ ഉൾപ്പെടുത്തിയപ്പോൾ പുതിയ നിയമം വൈകല്യത്തിന്റെ അളവിനു പരിമിതികളില്ലാതെ എല്ലാ അംഗ പരിമിതരെയും ഉൾപ്പെടുത്തുകയും പ്രത്യേക പരിഗണന 40% അംഗ പരിമിതിയുള്ളവർക്ക് നൽകുകയും ചെയ്യുന്നു. കൂടാതെ വിദ്യാഭ്യാസ ത്തിനും തൊഴിലിനും മുമ്പത്തേക്കാൾ ഏറെ സംവരണവും ആനുകൂല്യ ങ്ങളും പുതിയ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ സഹായം വേണ്ടിവരുന്ന ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള ഭാഗവും മാനസിക പരിമിതി നേരിടുന്നവർക്ക് രക്ഷാകർത്താവിനെ താൽക്കാലികമായോ കൂടുതൽ കാലത്തേക്കോ നൽകുന്നതിനുവേണ്ടിയുള്ള ഭാഗവും പുതിയ നിയമത്തിന്റെ പ്രത്യേകതയാണ്.



**4. എന്താണ് വിവേചനം (Discrimination)?**

ഭിന്നശേഷിയുടെ അടിസ്ഥാനത്തിൽ വിവേചനം എന്ന പദത്തിനെ നിയമം നിർവചിക്കുന്നത് ഇത്തരത്തിലാണ് Sec 2(h) 'വൈകല്യത്തി ന്റെ അടിസ്ഥാനത്തിൽ ഒരു ഭിന്നശേഷി വ്യക്തിയോട് തരംതിരിവ് കാണിക്കുകയോ അയാളെ ഒഴിവാക്കുകയോ നിയന്ത്രിക്കുകയോ ചെയ്യുകയും അതുമൂലം വ്യക്തിക്ക് ലഭിക്കേണ്ടിയിരുന്ന മനുഷ്യാവകാ ശങ്ങളും രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവും സാംസ്കാരി കവും മൗലികവുമായുള്ള സ്വാതന്ത്ര്യങ്ങൾ തുല്യമായി നേടുന്നതിൽ നിന്നും ആസ്വദിക്കുന്നതിൽ നിന്നും വിലക്കുകയും ചെയ്യുന്നതാണ് വിവേചനം. എല്ലാ വിധത്തിലുമുള്ള വിവേചനവും നിഷേധങ്ങളും ഇതിലുൾപ്പെടുന്നു.

**5. ഭിന്നശേഷി വ്യക്തികൾക്ക് സമൂഹത്തിൽ ലഭിക്കേണ്ടുന്നതും സർക്കാർ ഉറപ്പുവരുത്തേണ്ടുന്നതുമായ അവകാശങ്ങൾ എന്തെല്ലാമാണ്?**

ഭിന്നശേഷി വ്യക്തികൾക്ക് സമൂഹത്തിൽ ജീവിക്കാനുള്ള അവ കാശമുണ്ട്. അവർ ഏതെങ്കിലും പ്രത്യേക ജീവിത ക്രമീകരണത്തിൽ ജീവിക്കേണ്ടവരോ മാറ്റി നിർത്തപ്പെടേണ്ടവരോ അല്ല. ഭിന്നശേഷിയു ള്ളവരുടെ അവകാശനിയമം, 2016-ന്റെ 3,4,5 സെക്ഷനുകൾ പ്രകാരം ഈ നിയമത്തിന്റെ കീഴിൽ വരുന്ന കേന്ദ്ര - സംസ്ഥാന സർക്കാർ സ്ഥാ പനങ്ങൾ, ജില്ലാ ഭരണകൂടങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാരിൽ നിന്നും ധനസഹായം കിട്ടുന്ന സ്ഥാപനങ്ങൾ (എയ്ഡഡ് സ്കൂളുകൾ), സഹകരണ ബാങ്കുകൾ തുടങ്ങിയവ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ കർമ്മശേഷി പ്രയോജനപ്പെടുത്തുന്നതിനുമുള്ള സംയോജിതമായ സാഹചര്യം ഒരുക്കിനൽകേണ്ടതും, അവർക്കു അനുയോജ്യമായ താമസ സൗകര്യം ഉറപ്പാക്കേണ്ടതും, വൈകല്യത്തിന്റെ പേരിൽ യാതൊരു വിവേചനവും ഉണ്ടാകാതെയും അവരുടെ വ്യക്തിപരമായ സ്വാതന്ത്ര്യം നഷ്ടപ്പെടാതെയിരിക്കുന്നതിനുള്ള ആവശ്യമായ നടപടികൾ

കൈക്കൊള്ളേണ്ടതുമാണ്. അവരുടെ പ്രായവും ലിംഗഭേദവും കണക്കിലെടുത്ത് വ്യക്തിഗത സഹായം, താമസസ്ഥലം, മറ്റ് കമ്മ്യൂണിറ്റി സപ്പോർട്ട് സേവനങ്ങൾ എന്നിവയിൽ പ്രാപ്യത ഉറപ്പാക്കുന്നതിനും ശ്രമിക്കേണ്ടതാണ്.

സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശങ്ങളും ഈ നിയമം മുന്നോട്ടുവെക്കുന്നുണ്ട്. ആയതുപ്രകാരം സർക്കാരും അതാതു മുൻസിപ്പാലിറ്റി, പഞ്ചായത്ത് അല്ലെങ്കിൽ അപ്രകാരമുള്ള പ്രാദേശിക അധികാര സ്ഥാപനങ്ങളും വൈകല്യമുള്ള സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ സംരക്ഷിക്കേണ്ടതും, കുട്ടികൾക്ക് അവരുടെ പ്രായവും വൈകല്യവും കണക്കിലെടുത്ത് അവരുടെ ഉന്നമനത്തിനായി ഉചിതമായ പിന്തുണ ഉറപ്പുവരുത്തേണ്ടതുമാണ്.

**6. ഭിന്നശേഷി വ്യക്തികൾക്ക് നേരെയുള്ള അതിക്രമങ്ങൾക്കെതിരെഅവർക്ക് നിയമ പരിരക്ഷയുണ്ടോ? അവരുടെ പരാതികൾ പ്രത്യേകമായി പരിഗണിക്കുമോ?**

ഉണ്ട്. 2016-ലെ ഭിന്നശേഷിയുള്ളവരുടെ അവകാശ നിയമം 6,7,8 സെക്ഷനുകൽ ഭിന്നശേഷിയുള്ളവരെ പീഡനം, ക്രൂരത, മനുഷ്യത്വ രഹിതമായ പെരുമാറ്റം എന്നിവയിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഈ നിയമപ്രകാരം സർക്കാർ കൈക്കൊള്ളേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. സർക്കാർ എല്ലാത്തരം ദുരുപയോഗം, അക്രമം, ചൂഷണം എന്നിവയിൽ നിന്നും വൈകല്യമുള്ളവരെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അതിന്റെ റിപ്പോർട്ടിംഗിനുള്ള നടപടിക്രമം നിർദ്ദേശിക്കുകയും ഇത്തരം സംഭവങ്ങളുടെ ഇരകളെ മോചിപ്പിക്കുന്നതിനും അവരെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമുള്ള നടപടികൾ എടുക്കുകയും ഒപ്പം പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുകയും വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്യണം.



ഏതെങ്കിലും വ്യക്തിക്കോ രജിസ്റ്റർ ചെയ്ത സംഘടനക്കോ അക്രമമോ ചൂഷണമോ ഏതെങ്കിലും വ്യക്തിക്കെതിരെ നടന്നിട്ടുണ്ട് അല്ലെങ്കിൽ നടക്കുന്നു അല്ലെങ്കിൽ അങ്ങനെ സംഭവിക്കുവാൻ സാധ്യത ഉണ്ടെങ്കിൽ അവരുടെ പ്രാദേശിക പരിധിയിലുള്ള എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്/ജില്ലാ കളക്ടർക്കു അല്ലെങ്കിൽ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനു മുമ്പാകെ പരാതി നൽകുകയോ അതിനെക്കുറിച്ചുള്ള വിവരങ്ങൾ നൽകുകയോ ചെയ്യാവുന്നതാണ്.

ഈ വകുപ്പുകൾ അനുസരിച്ച് വൈകല്യം ഉള്ള ഒരു വ്യക്തിയെ ഏതെങ്കിലും ഗവേഷണത്തിന് വിധേയനാക്കണം എന്നുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പൂർണ്ണസമ്മതം ഉറപ്പാക്കുകയും അതോടൊപ്പം തന്നെ നിർദ്ദിഷ്ട കാര്യത്തിനായി സർക്കാർ രൂപീകരിച്ച ഭിന്നശേഷി ഗവേഷണ സമിതിയുടെ മുൻകൂർ അനുമതി നേടുകയും വേണം.

വൈകല്യമുള്ള വ്യക്തകൾക്ക് അപകടസാധ്യത, സായുധ സംഘർഷം, അടിയന്തരാവസ്ഥകൾ, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ അടിയന്തിര സാഹചര്യങ്ങൾ നേരിടേണ്ടി വന്നാൽ ദേശീയ ദുരന്തനിവാരണ അതോറിറ്റിയും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും തുല്യ പരിരക്ഷയും സുരക്ഷിതത്വവും ഉറപ്പാക്കേണ്ടതാണ്. ജില്ലാ ദുരന്തനിവാരണ അതോറിറ്റി വൈകല്യമുള്ളവരുടെ വിശദാംശങ്ങളുടെ രേഖ സൂക്ഷിക്കേണ്ടതും അപകടസാധ്യതയുള്ള സാഹചര്യങ്ങൾ അത്തരം വ്യക്തികളെ അറിയിക്കുന്നതിന് ഉചിതമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. ജലപ്രളയവും മറ്റു അടിയന്ത സാഹചര്യങ്ങളിലും അതുമായി ബന്ധപ്പെട്ട വിവരങ്ങൾ മുൻകൂട്ടി അറിയാനും അവയിൽ നിന്നും രക്ഷപ്രാപിക്കുന്നതിനുമുള്ള അവകാശം ഭിന്നശേഷിക്കാർക്കുണ്ടെന്നത് ഇതോടു ചേർത്ത് നിർവചിക്കാവുന്നതാണ്. ഭിന്നശേഷിക്കാർക്കെതിരെ കുറ്റകൃത്യങ്ങൾ ചെയ്തതായി പരാതിയുണ്ടെങ്കിൽ അത്തരം കേസുകൾ രജിസ്റ്റർ ചെയ്യുമ്പോൾ 2016-ലെ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങൾ കൂടി ഉൾപ്പെടുത്തി വേണ്ട കേസുകൾ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് കേരള സംസ്ഥാന

പോലീസ് മേധാവി (Circular 31/2021/PHQ) കർശന നിർദ്ദേശം ബന്ധപ്പെട്ട എല്ലാ പോലീസ് അധികാരികൾക്കും നൽകിയിട്ടുണ്ട്. അതിന്റെ പകർപ്പ് അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

**7. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് 2016-ലെ നിയമം എന്തു സംരക്ഷണമാണ് നൽകുന്നത്?**

ഭിന്നശേഷി കുട്ടികൾ മാതാപിതാക്കളുടെ പ്രത്യേക സംരക്ഷണത്തിൽ കഴിയേണ്ടവരാണ്. അവരിൽ നിന്നും വേർപിരിഞ്ഞു താമസിക്കേണ്ടവരല്ല. എന്നാൽ വൈകല്യമുള്ള ഒരു കുട്ടിയെ പരിപാലിക്കാൻ മാതാപിതാക്കൾക്ക് കഴിയാത്ത സാഹചര്യത്തിൽ കുട്ടിയുടെ സംരക്ഷണവും സുരക്ഷിതത്വവും കണക്കിലെടുത്തു കോടതിയുടെ ഉത്തരവ് പ്രകാരം മാത്രം കുട്ടിയെ അടുത്ത ബന്ധുക്കളെ ഏൽപ്പിക്കാവുന്നതും അതിനു പറ്റാത്ത സാഹചര്യത്തിൽ അനുയോജ്യമായ സർക്കാർ അല്ലെങ്കിൽ സർക്കാരിതര സംഘടന നടത്തുന്ന ഷെൽട്ടർഹോമിന്റെ സംരക്ഷണത്തിൽ പാർപ്പിക്കാവുന്നതുമാണ്.

**8. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നിയമത്തിലൂടെ ഉറപ്പു വരുത്തുന്നുണ്ടോ?**

അതെ. ഇന്ത്യൻ ഭരണഘടന (Article 21A of Indian Constitution) 6 വയസ്സിനും 14 വയസ്സിനുമിടയിലുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസത്തിനുള്ള മൗലിക അവകാശം ഉറപ്പുവരുത്തുമ്പോൾ, ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ സംബന്ധിച്ച 2016-ലെ നിയമത്തിന്റെ 31-ാം വകുപ്പ് ഊന്നൽ നൽകുന്നത് ആറു വയസ്സിനും 18 വയസ്സിനും ഇടയിലുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്ക് തങ്ങളുടെ സൗകര്യം അനുസരിച്ച് ഏറ്റവും സമീപത്തുള്ള വിദ്യാലയത്തിൽ നിന്നും സൗജന്യ വിദ്യാഭ്യാസത്തിനുള്ള അവകാശമാണ്. അതായത് കേരളത്തിലെ സാഹചര്യത്തിൽ ഭിന്നശേഷിക്കാരനായ ഒരു കുട്ടിക്ക് പതിനെട്ടു വയസ്സുവരെ ഏതു വിദ്യാലയങ്ങളിൽ നിന്നും അവരുടെ ഇഷ്ടാനുസരണം പ്രവേശനം നേടി പഠിക്കുന്നതിനുള്ള മൗലിക അവകാശമാണുള്ളത്. (ഉന്നത വിദ്യാ



ഭ്യാസ വകുപ്പിനു കീഴിലുള്ളതൊഴിച്ചുള്ള സ്ഥാപനങ്ങളെയാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. അത് പ്രത്യേകമായി 32-ാം വകുപ്പിൽ വിശദീകരിച്ചിട്ടുണ്ട്. 31-ാം വകുപ്പിൽ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളെന്നോ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെന്നോ ഉള്ള വ്യത്യാസം രേഖപ്പെടുത്തിയിട്ടില്ലായെന്നതും സംവരണ തോത് പ്രതിപാദിച്ചിട്ടില്ലായെന്നതും ശ്രദ്ധേയമാണ്. ആയതിൻപ്രകാരം കേരള സംസ്ഥാന ഭിന്നശേഷി കമ്മീഷൻ ഹയർസെക്കണ്ടറിയിൽ (+2 വിന്) വിവേചനമില്ലാതെ പ്രവേശനം നൽകണമെന്നും സാഹചര്യാനുസരണം അധിക സീറ്റുകൾ നൽകിയും ഭിന്നശേഷിയുള്ള കുട്ടിക്ക് പഠനത്തിനുള്ള അവകാശം സംരക്ഷിക്കണമെന്നും ഉത്തരവ് നൽകിയിട്ടുണ്ട്. ((OP (RPwD)Nos 3528/S3/2021 & 3554/S22021 dated 23th October 20201)

സ്കൂളുകൾ വൈകല്യമുള്ള കുട്ടികൾക്ക് ആവശ്യമുള്ള പ്രത്യേക ശ്രദ്ധനൽകുന്നതിനു പുറമേ മറ്റു കുട്ടികളോടൊപ്പം തുല്യമായി എല്ലാ പ്രവർത്തനങ്ങളിലും പങ്കാളികളാക്കുന്നതിനും ശ്രദ്ധ ചെലുത്തുന്നു എന്ന് സർക്കാരും പ്രാദേശിക അധികാര സ്ഥാപനങ്ങളും ഉറപ്പു വരുത്തേണ്ടതാണ്. അതോടൊപ്പം പ്രായപൂർത്തിയായ വ്യക്തിക്ക് ഉന്നത വിദ്യാഭ്യാസം തുടർന്നുകൊണ്ട് പോകുന്നതിനുള്ള സത്വര നടപടികളും സർക്കാരും പ്രാദേശിക അധികാര സ്ഥാപനങ്ങളും കൈക്കൊള്ളേണ്ടതാണ്. ഇതോടനുബന്ധിച്ച് സർക്കാർ കുട്ടികളുടെ പഠനത്തിനു വേണ്ടി പ്രത്യേക സ്കോളർഷിപ്പുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. (RPwD ss16,17) പ്രായപൂർത്തിയായവർക്കുള്ള വിദ്യാഭ്യാസവും തുടർ വിദ്യാഭ്യാസവും മറ്റുള്ളവരെപ്പോലെ ഒരു ഭിന്നശേഷിക്കാരനു ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികളും സർക്കാരും പ്രാദേശിക അധികാരസ്ഥാപനങ്ങളും കൈക്കൊള്ളേണ്ടതാണ് (RPwD s18).

**9. ഭിന്നശേഷിക്കാർക്ക് ഉപരിപഠന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനു മുൻഗണന ലഭിക്കുന്നതിനുള്ള സാധ്യതയുണ്ടോ?**

ഉണ്ട്. 2016-ലെ നിയമത്തിന്റെ 32(1) വകുപ്പ് ഉപരിപഠന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 5% -ത്തിൽ കുറയാത്ത സീറ്റുകൾ ബെഞ്ച്മാർക്ക് ഭിന്ന ശേഷിക്കാർക്ക് നൽകുന്നതിന് നിഷ്ക്കർഷിക്കുന്നു. കൂടാതെ ഉയർന്ന പ്രായപരിധിയിൽ 5 വർഷത്തെ ഇളവിനും ഇതേ വകുപ്പുതന്നെ ഊന്നൽ നൽകുന്നുണ്ട്.

2012-ലെ ഡൽഹി ഹൈക്കോടതിയുടെ വിധി പ്രകാരം ഭിന്നശേഷി ക്കാർക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു നൽകുന്ന അതേ യോഗ്യത ഇളവ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനു നൽകേണ്ടുന്നതാണ് (Anamol Bhandari (Minor) Natural Guardian v. Delhi Technological University 2012(131)DRJ583). അതായത് 60% യോഗ്യത പൊതുവിഭാഗത്തിനുവേണ്ടി വരുമ്പോൾ ഭിന്നശേഷി ക്കാർക്ക് 50% യോഗ്യത മതിയാകും. ഹൈക്കോടതിയുടെ ഈ വിധി പിന്നീട് സുപ്രീംകോടതി 2020-ൽ ശരിവെക്കുകയുണ്ടായി. (Aryan Raj V. Chandigarh Administration and Ors.2020(5)BLJ91)

**10. ഭിന്നശേഷിയുള്ളവർക്ക് രക്ഷാകർത്താവിനെ നൽകുന്നതിനു നിയമം സഹായിക്കുന്നത് എങ്ങനെയാണ്?**

ഭിന്നശേഷിയുള്ളവർക്ക് താൽക്കാലികമായി ഒരു രക്ഷാകർത്താ വിനെ നൽകുവാനുള്ള അധികാരം ജില്ലാ കോടതിയിൽ നിക്ഷി പ്തമാണ്. ഒരു ഭിന്നശേഷിക്കാരന് മതിയായതും ഉചിതമായതുമായ പിന്തുണ സർക്കാർ ലഭ്യമാക്കിയതിനു ശേഷവും ആ വ്യക്തിക്ക് തീരുമാ നങ്ങൾ എടുക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് അയാൾക്ക് നിയമാ നുസൃതമായ തീരുമാനങ്ങൾ എടുക്കുന്നതിന് ജില്ലാ കോടതിയുടെ ഉത്തരവ് പ്രകാരം ഒരു രക്ഷാകർത്താവിനെ നൽകാവുന്നതാണ്. വൈ കല്യമുള്ള വ്യക്തിയുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനായി ആയതു രക്ഷിതാവും വൈകല്യമുള്ള വ്യക്തിയും തമ്മിലുള്ള പരസ്പര



ധാരണയിലും വിശ്വാസത്തിലും പ്രവർത്തിക്കുന്ന പരിമിതമായ (limited) രക്ഷാകർതൃത്വം ആയിരിക്കേണ്ടതാണ് എന്ന് ഈ പ്രത്യേക നിയമം അനുശാസിക്കുന്നു. (RPwD s14)

കേരള ഭിന്നശേഷിയുള്ളവരുടെ അവകാശ ചട്ടങ്ങൾ, 2020 ചട്ടം 8 മുതൽ ചട്ടം 11 വരെയുള്ള ഭാഗം രക്ഷാകർതൃത്വത്തെ സംബന്ധിച്ചിട്ടുള്ള താണ്. സാധാരണയായി രക്ഷാകർതൃത്വം ഏറ്റെടുക്കുന്ന വ്യക്തി 25 വയ സിനുമുകളിൽ പ്രായമുള്ളയാൾ ആയിരിക്കണം. (പ്രത്യേക സാഹചര്യ ങ്ങളിൽ 18 വയസ്സുള്ളവരെയും പരിഗണിക്കാവുന്നതാണ്.) അവർ ഇന്ത്യൻ പൗരത്വം ഉള്ളവരും സുബോധമനസുള്ളവരും യാതൊരുവിധ കുറ്റ കൃത്യങ്ങളിലും ശിക്ഷിക്കപ്പെട്ടിട്ടില്ലാത്തവരും ഗതിയുള്ളവനും ചട്ടങ്ങ ളിൽ പറയുന്ന മറ്റു അയോഗ്യതകളില്ലാത്തതുമായ വ്യക്തി ആയിരി ക്കണം. ഇത്തരത്തിൽ നിയമിക്കപ്പെട്ട രക്ഷാകർത്താവിനെ തൽസ്ഥാ നത്തു നിന്നും വിടർത്തുവാനുമുള്ള അധികാരം കോടതിക്കും മറ്റു തിരഞ്ഞെടുക്കപ്പെട്ട അധികാര സ്ഥാപനങ്ങൾക്കും ഉണ്ടായിരിക്കുന്ന തുമാണെന്നും ചട്ടങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇതുകൂടാതെ ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, ബഹു വൈകല്യങ്ങൾ ഉള്ളവർ എന്നീ വിഭാഗങ്ങളുടെ രക്ഷാകർത്ത്യ ത്വവുമായി ബന്ധപ്പെട്ട് 1999-ലെ ദേശീയ ട്രസ്റ്റ് നിയമം (National Trust Act, 1999) ഇപ്പോഴും നിലവിലുണ്ടെന്നതും ശ്രദ്ധേയമാണ്. ദേശീയ ട്രസ്റ്റ് നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള വ്യവസ്ഥകൾ (National Trust Regulations, 2001) 18 വയസ്സിനധികമുള്ളവർക്കും രക്ഷാകർ ത്തൃത്വം അനുവദിക്കുന്നുണ്ട്.

ദേശീയ ട്രസ്റ്റ് നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള രക്ഷാകർ ത്തൃത്വം സംബന്ധിച്ച് തീരുമാനങ്ങൾ എടുക്കുന്ന ലോക്കൽ ലെവൽ കമ്മിറ്റിയുടെ ചുമതലയും (ദേശീയ ട്രസ്റ്റ് നിയമം, 1999 വകുപ്പ് 13 (2) കേരള സർക്കാരിന്റെ ചട്ടങ്ങൾ, 2020 പ്രകാരം രക്ഷാകർത്ത്യത്വം സംബന്ധിച്ച് തീരുമാനങ്ങളുടെ മേലുള്ള പരാതികൾ (അപ്പീലുകൾ) കേൾക്കുവാനുള്ള അധികാരം നൽകിയിരിക്കുന്നതും ജില്ലാകളക്ടർ ക്കാണ് (ചട്ടങ്ങൾ 2020, r4(2))

**11. ഭിന്നശേഷിക്കാരനായ വ്യക്തിക്ക് സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കാൻ എന്ത് നടപടികളാണ് നിയമം നിഷ്കർഷിക്കുന്നത്?**

നിയമം നിഷ്കർഷിക്കുന്നത് അതാത് സർക്കാർ അവരുടെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഭിന്നശേഷിയുള്ളവരുടെ ഉന്നമനത്തിനും അവകാശ സംരക്ഷണത്തിനും അവർക്ക് സ്വാതന്ത്രമായി വ്യക്തി ജീവിതവും സാമൂഹ്യ ജീവിതവും നയിക്കുന്നതിനും സഹായിക്കുന്ന പദ്ധതികളും പരിപാടികളും നടപ്പിലാക്കണമെന്നാണ്. അത്തരം പരിപാടികളും പദ്ധതികളും രൂപപ്പെടുത്തുമ്പോൾ വൈവിദ്ധ്യങ്ങളായ ഭിന്നശേഷികളെ ലിംഗം, പ്രായം, സാമൂഹ്യ സാമ്പത്തിക നില എന്നിവയുടെ അടിസ്ഥാനത്തിൽ പരിഗണിക്കണം. നല്ല ജീവിതസാഹചര്യങ്ങൾ ഉണ്ടാക്കുവാൻ സഹായിക്കുന്ന സാമൂഹ്യ കേന്ദ്രങ്ങൾ നൽകുവാനും അനാഥരായ ഭിന്നശേഷിക്കാരെ കരുത്തുറ്റവരാക്കാനും പ്രകൃതി ദുരന്തങ്ങളിലും മനുഷ്യൻ മൂലമുള്ള ദുരന്തങ്ങളിലും സഹായിക്കുവാനും ഭിന്നശേഷിയുള്ള സ്ത്രീകളെ കരുത്തുറ്റവരാക്കാനും അവരുടെ കുട്ടികളെ വളർത്തുവാനും ശുചിയായ കുടിവെള്ളം നൽകുന്നതിനും നഗരചേരികളിലും ഗ്രാമങ്ങളിലും ശൗചാലയങ്ങൾ പ്രാപ്യമാക്കുന്നതിനും മരുന്നും മറ്റു ചികിത്സാ സഹായങ്ങൾക്കും കൃത്രിമ സഹായങ്ങൾക്കും ഭിന്നശേഷി പെൻഷൻ നൽകുന്നതിനും തൊഴിലില്ലായ്മയ്ക്ക് ബത്ത നൽകുന്നതിനും പരിചാരകനുള്ള ബത്ത നൽകുന്നതിനും ഇൻഷുറൻസ് പദ്ധതികൾ നൽകുന്നതിനും സർക്കാർ ശ്രദ്ധിക്കണം. (RPwD s24)

**12. ഭിന്നശേഷിക്കാരുടെ ആരോഗ്യ പരിപാലനത്തിന് നിയമം നിഷ്കർഷിക്കുന്നുണ്ടോ?**

നിയമം നിഷ്കർഷിക്കുന്നത് അതാത് സർക്കാർ ഭിന്നശേഷിക്കാരനായ വ്യക്തിയുടെ കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതിക്ക് അനുസരിച്ച് പ്രത്യേകിച്ചും ഗ്രാമീണ പ്രദേശങ്ങളിൽ സൗജന്യ ചികിത്സ നൽകണമെന്നാണ്. കൂടാതെ ആശുപത്രികളും ആരോഗ്യ കേന്ദ്രങ്ങളും തടസങ്ങളില്ലാതെ പ്രാപ്യമാക്കുന്നതിനും ചികിത്സ ലഭിക്കുന്നതിന് മുൻഗണന നൽകണമെന്നും നിയമം ആവശ്യപ്പെടുന്നു. അതാത്



സർക്കാരും പ്രാദേശിക അധികാരികളും വൈകല്യങ്ങളുണ്ടാകാതിരിക്കുവാനും ആരോഗ്യസംരക്ഷണത്തിനും വേണ്ടുന്ന പദ്ധതികളും പരിപാടികളും ഏറ്റെടുക്കണം. അത്തരം പരിപാടികളുടെ വൈകല്യങ്ങൾ ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തുന്നതിന് സർവ്വേകളും അന്വേഷണങ്ങളും ഗവേഷണങ്ങളും നടത്തുക, വൈകല്യങ്ങൾ ഉണ്ടാകുവാനുള്ള സാധ്യത വർഷത്തിലൊരിക്കലെങ്കിലും പരിശോധിക്കുക. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലെ ജീവനക്കാർക്ക് പരിശീലനം നൽകുക. ശുചിത്വത്തിനും ആരോഗ്യത്തിനും വേണ്ടിയുള്ള പരിപാടികളും അവയെ മുൻനിർത്തിയുള്ള ബോധവൽക്കരണ പരിപാടികളും നടത്തുക, പ്രസവപൂർവ്വവും പ്രസവശേഷവും മാതൃപരിചരണത്തിനുമുള്ള നടപടികൾ എടുക്കുക, അങ്കണവാടികളിലൂടെയും വിദ്യാലയങ്ങളിലൂടെയും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലൂടെയും ഗ്രാമീണ തൊഴിലാളികളിലൂടെയും സാമൂഹ്യ ബോധവൽക്കരണം നടത്തുക. ടിവിയിലൂടെയും റേഡിയോയിലൂടെയും മറ്റു മാധ്യമങ്ങളിലൂടെയും വൈകല്യങ്ങൾ ഉണ്ടാകുവാനുള്ള കാരണങ്ങളേയും അത് തടയാനുള്ള മാർഗ്ഗങ്ങളേയും പറ്റി ബോധവൽക്കരണം നടത്തുക, പ്രകൃതി ദുരന്തങ്ങളിലും മറ്റു ദുരന്തങ്ങളിലും ആരോഗ്യരക്ഷ നൽകുക, അടിയന്തരമായ ചികിത്സ സഹായങ്ങൾ നൽകുക, ലൈംഗീകവും പ്രത്യുൽപാദനപരവുമായ ആരോഗ്യ സംരക്ഷണം പ്രത്യേകിച്ചും സ്ത്രീകൾക്ക് നൽകുക തുടങ്ങിയ സർക്കാർ ഏറ്റെടുത്ത് നടത്തണമെന്ന് നിയമം ആവശ്യപ്പെടുന്നു. (RPwD s 25) ഭിന്നശേഷിയുള്ള തൊഴിലാളികൾക്ക് വേണ്ടി സർക്കാർ പ്രത്യേക ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തണമെന്ന് നിയമം പറയുന്നുണ്ട്. (RPwD s26)

**13. ഭിന്നശേഷിക്കാരനായ വ്യക്തിക്ക് അവകാശമുള്ളതും സർക്കാർ ഉറപ്പുവരുത്തേണ്ടുന്നതുമായ മറ്റു അവകാശങ്ങൾ എന്തെല്ലാമാണ്?**

സർക്കാർ ചുമതലാപൂർവ്വം ഉറപ്പുവരുത്തേണ്ടുന്ന ധാരാളം അവകാശ സംരക്ഷണ നടപടികളെപ്പറ്റി 2016-ലെ നിയമം പ്രതിപാദിക്കുന്നുണ്ട്.

ഈ നിയമപ്രകാരം ഭിന്നശേഷിയുള്ളവർക്ക് പ്രത്യുൽപാദനവും കുടുംബാസൂത്രണവും സംബന്ധിച്ച ഉചിതമായ വിവരങ്ങൾ സർക്കാർ ലഭ്യമാക്കേണ്ടതാണ്. (RPwD s10(1))

വൈകല്യമുള്ള വ്യക്തിയെ അവരുടെ സമ്മതമില്ലാതെ വന്ധ്യതയിലേക്ക് നയിക്കുന്ന ഒരു മെഡിക്കൽ നടപടിക്രമത്തിനും വിധേയമാക്കാൻ പാടില്ല എന്നും ഈ നിയമത്തിൽ നിർദ്ദേശിച്ചിരുന്നു. (RPwD s10(2)).

ഭിന്നശേഷിയുള്ള വ്യക്തികൾക്ക് അവരുടെ സമ്മതിദാനാവകാശം (വോട്ടവകാശം) വിനിയോഗിക്കുന്നതിനായി എല്ലാ പോളിംഗ് സ്റ്റേഷനുകളും വൈകല്യമുള്ളവർക്ക് പ്രാപ്യമാണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷനും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനും ഉറപ്പാക്കണം. (RPwD s11).

കോടതി, ട്രൈബ്യൂണൽ, കമ്മീഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രയോജനം വിവേചനം കൂടാതെ ഉറപ്പുവരുത്തുവാനും തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുവാനുമുള്ള അവസരം ഭിന്നശേഷിയുള്ളവർക്ക് സർക്കാർ പിന്തുണയോടെ ചെയ്തു നൽകേണ്ടുന്നതാണ്. (RPwD s12).

ഭിന്നശേഷിയുള്ളവരെ പിന്തുണക്കുന്നതിനായി സർക്കാർ പ്രത്യേക അധികാരസ്ഥാപനങ്ങൾ സ്ഥാപിക്കേണ്ടതും അതിന്റെ പ്രവർത്തനങ്ങൾക്കു ആവശ്യമായ ക്രമീകരണങ്ങൾ നടത്തി കൊടുക്കേണ്ടതും ആണ്. (RPwD s15).

ഭിന്നശേഷിയുള്ളവർക്ക് സ്വത്ത് സമ്പാദനം, ബാങ്ക് വായ്പകൾ, പണയങ്ങൾ, മറ്റ് സാമ്പത്തിക വായ്പകൾ എന്നിവ സുഗമമായി ലഭിക്കുന്നതിനുള്ള അവസരം സർക്കാർ ഉറപ്പു വരുത്തേണ്ടതാണ്. (RPwD s13).



**14. ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് തൊഴിൽ പരിശീലനത്തിനും സ്വയം തൊഴിലിനുമായി സഹായങ്ങൾ ഗവൺമെന്റിൽ നിന്നും ലഭ്യമാണോ?**

അതെ. ഭിന്നശേഷിക്കാരായ വ്യക്തികളുടെ തൊഴിൽ പരിശീലനത്തിനും സ്വയം തൊഴിലിനുമായി ഇളവ് നിരക്കിൽ വായ്പ നൽകുന്നത് ഉൾപ്പെടെയുള്ള പദ്ധതികളും പരിപാടികളും ഈ നിയമപ്രകാരം ഓരോ സർക്കാർ സ്ഥാപനവും നടപ്പിലാക്കണം. ഭിന്നശേഷിക്കാർക്ക് എല്ലാവിധമായ തൊഴിലധിഷ്ഠിത പരിശീലനവും ലഭിക്കുന്നതിനും അവർ നിർമ്മിക്കുന്ന വസ്തുക്കൾ വിപണനം ചെയ്യുന്നതിനും തുടങ്ങിയുള്ള പരിശീലനങ്ങൾ സർക്കാർ പദ്ധതികളിലും പരിപാടികളിലും ഉൾപ്പെടുത്തേണ്ടതാണ്. (RPwD s19)

നിയമത്തിന്റെ 20-ാം വകുപ്പ് സർക്കാർ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്ക് തൊഴിൽ സംബന്ധമായി യാതൊരുവിധ വിവേചനവും ഉണ്ടാകുവാൻ പാടില്ലായെന്ന് നിഷ്കർഷിക്കുന്നു. അങ്ങനെയുള്ള ജീവനക്കാർക്ക് ന്യായമായ താമസസൗകര്യവും ഉചിതമായതും, തടസ്സങ്ങളില്ലാത്തതും അനുകൂലവുമായ തൊഴിൽ ചെയ്യുന്നതിനുള്ള അന്തരീക്ഷം നൽകണം.

സേവന കാലയളവിൽ ഉണ്ടാകുന്ന ഭിന്നശേഷിമൂലം ഒരു ജീവനക്കാരനെ അയാളുടെ തസ്തികയിൽ നിന്നു മാറ്റുവാനോ തരം താഴ്ത്തുവാനോ പാടില്ല. അത്തരത്തിലുള്ള ഭിന്നശേഷി ഉണ്ടായതു മൂലം ജീവനക്കാരനു ജോലിചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ അയാളെ തതുല്യമായ (മുൻപ് ലഭിച്ചിരുന്ന ശമ്പളവും ആനുകൂല്യങ്ങളും ലഭിക്കുന്ന) മറ്റു തസ്തികയിലേയ്ക്ക് മാറ്റാവുന്നതാണ്. അത്തരത്തിൽ മാറ്റുവാൻ കഴിയാത്ത സാഹചര്യത്തിൽ, അയാൾക്ക് Supernumerary പദവി നൽകി അഥവാ ഒരു അധിക തസ്തിക ഉണ്ടാക്കി, അയാളുടെ തസ്തികയ്ക്ക് തത്തുല്യമായ തസ്തിക ഉണ്ടാകുന്നതുവരെയോ വിരമിക്കുന്നതുവരെയോ, ഏതാണോ ആദ്യം ഭവിക്കുന്നത് അതുവരെയും, നില നിർത്തേണ്ടുന്നതാണ്. സർക്കാർ ഭിന്നശേഷിക്കാരായ ജീവനക്കാരുടെ

സ്ഥാനത്തേയും സ്ഥലമാറ്റത്തെയും സംബന്ധിച്ചുള്ള നയം രൂപീകരിക്കേണ്ടതാണ്. (RPwD s20). എല്ലാ സ്ഥാപനങ്ങളും തുല്യ അവസര നയം രൂപീകരിക്കുവാൻ കേന്ദ്രസർക്കാരിന് ഈ നിയമപ്രകാരം നിർദ്ദേശിക്കാവുന്നതുമാണ്. (RPwD s21)

**15 ഭിന്നശേഷിയുള്ളവർക്കു സർക്കാർ ജോലിയിലും ഉദ്യോഗക്കയറ്റത്തിലും മുൻഗണന ലഭിക്കുമോ?**

ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശനിയമം 2016 വകുപ്പ് 20(3) ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനു ഭിന്നശേഷി മാത്രം ഒരു തടസ്സമായി കണക്കാക്കുവാൻ പാടില്ലായെന്ന് പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കുന്നു. 2016-ലെ സുപ്രീം കോടതിയുടെ വിധിപ്രകാരം ഉദ്യോഗക്കയറ്റത്തിലും ഭിന്നശേഷിക്കാർക്ക് മുൻഗണന നൽകണമെന്ന് പറയുന്നു. (Rajeev Kumar Gupta and Ors. v. Union of India and Ors. (2016) 13 SCC 153). പിന്നീട് 2021-ൽ കേരളത്തിന്റെ ഹർജി പരിഗണിച്ച സുപ്രീംകോടതി മുൻപേ നൽകിയ വിധിക്കു ഊന്നൽ നൽകി കേരള സർക്കാർ ഇതു നടപ്പിൽ വരുത്തണമെന്ന് ഉത്തരവിട്ടിട്ടുണ്ട്. (State of Kerala & Ors v. Leesamma Joseph AIR 2021 SC 3076)

സർക്കാർ അനുയോജ്യമായ തസ്തികകൾ കണ്ടെത്തി നിയമ പ്രകാരമുള്ള മുൻഗണന ഭിന്നശേഷിക്കാർക്ക് നൽകുവാൻ പരിഗണിക്കണമെന്ന് 2016-ലെ നിയമത്തിന്റെ 33 വകുപ്പ് നിർദ്ദേശിക്കുന്നു. നിയമത്തിന്റെ 34 വകുപ്പ് എല്ലാ സർക്കാർ സ്ഥാപനങ്ങളിലും (ഓർഡർ മുഖാന്തിരം ഒഴിവാക്കിയിട്ടില്ലാത്തതിൽ) ഓരോ തസ്തികകളിലും കേഡർ അനുസരിച്ച് മൊത്തം അവസരങ്ങളുടെ നാലു ശതമാനത്തിൽ (4%) കുറയാതെയുള്ള അവസരങ്ങൾ ബെഞ്ച്മാർക്ക് ഭിന്നശേഷിക്കാർക്ക് നൽകണമെന്ന് ആവശ്യപ്പെടുന്നു. ഇതിൽ ഒരു ശതമാനം (1%) കാഴ്ചവൈകല്യം, ഒരു ശതമാനം (1%) ശ്രവണവൈകല്യം, ഒരു ശതമാനം (1%) ചലനവൈകല്യം, ഒരു ശതമാനം (1%) ഓട്ടിസം, ബൗദ്ധികവൈകല്യം, പ്രത്യേക പഠനവൈകല്യങ്ങൾ, മാനസിക വൈകല്യം എന്നിവയിൽ നിന്നോ അല്ലെങ്കിൽ കാഴ്ചവൈകല്യവും ശ്രവണ വൈകല്യവും



ഉൾപ്പടെ ഒന്നിലധികം (ബഹുവൈകല്യം) വൈകല്യങ്ങൾ ബാധിച്ചവരിൽ നിന്നോ ആകേണ്ടതാണ്. (RPwD s34(1))

ബെഞ്ച്മാർക്ക് ഭിന്നശേഷിയുള്ള വ്യക്തികൾ ഇല്ലാത്തതുകൊണ്ടോ മറ്റു കാരണങ്ങൾ കൊണ്ടോ ഒരു തിരഞ്ഞെടുപ്പ് നടക്കുന്ന വർഷം ഏതെങ്കിലും ഒരു തസ്തികയിലേയ്ക്ക് അനുയോജ്യരായ ഭിന്നശേഷിക്കാരെ ലഭിക്കാതെ വന്നാൽ തസ്തിക അടുത്ത തിരഞ്ഞെടുപ്പ് വർഷത്തേയ്ക്ക് ഒഴിച്ചുവെയ്ക്കേണ്ടതാണ്. അങ്ങനെയുള്ള അടുത്ത വർഷത്തെ തിരഞ്ഞെടുപ്പിലും ആ തസ്തികയിലേക്ക് യോഗ്യതയുള്ള ബെഞ്ച്മാർക്ക് ഭിന്നശേഷിയുള്ള വ്യക്തിയെ ലഭിക്കാത്ത പക്ഷം അത് 34(1) വകുപ്പിന്റെ (എ) മുതൽ (ഇ) വരെ പ്രതിപാധിച്ചിട്ടുള്ള അഞ്ചു ഭിന്നശേഷി വിഭാഗങ്ങളിൽ ഏതെങ്കിലുമായി വച്ചു മാറാവുന്നതാണ്. എന്നിട്ടും തസ്തക ഒഴിഞ്ഞിരിക്കുന്ന പക്ഷം മാത്രമേ അത് ഭിന്നശേഷിക്കാർ അല്ലാത്തവർക്കായി നൽകുവാൻപാടുള്ളൂ. (RPwD s34(2)). തൊഴിൽ അവസരങ്ങളുടെ സ്വഭാവമനുസരിച്ച് ഏതെങ്കിലും ഒരു വിഭാഗത്തിനു സാധ്യമാകുന്നതല്ലായെങ്കിൽ അതാത് സർക്കാരിന്റെ മുൻകൂർ അനുമതിയോടെ 34(1) വകുപ്പിന്റെ (എ) മുതൽ (ഇ) വരെ പ്രതിപാദിച്ചിട്ടുള്ള അഞ്ചു വിഭാഗങ്ങളിൽ ഏതെങ്കിലുമായി വച്ചു മാറാവുന്നതാണ്.

**16 ഭിന്നശേഷിക്കാർക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്നതിന് എന്തെങ്കിലും സഹായം സർക്കാരിനു നൽകുവാൻ സാധിക്കുമോ?**

സർക്കാരും പ്രാദേശിക അധികാര സ്ഥാപനങ്ങളും അവരുടെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സ്വകാര്യ സ്ഥാപനങ്ങളിൽ 5% തൊഴിലാളികൾ ബെഞ്ച്മാർക്ക് ഭിന്നശേഷിക്കാരാണെന്ന് ഉറപ്പുവരുത്തുന്നതിനു സ്ഥാപനങ്ങൾക്കു ഇൻസെന്റിവ്സ് (incentives) നൽകണമെന്ന് 2016-ലെ നിയമത്തിന്റെ 35-ാം വകുപ്പ് നിർദ്ദേശിക്കുന്നുണ്ട്. ഭിന്നശേഷിക്കാർക്ക് നേരെയുള്ള അക്രമങ്ങൾക്കെതിരായി പൊതുവിൽ പ്രതിപാദിച്ചിട്ടുള്ള മറ്റു അവകാശങ്ങളും അവയുടെ

സംരക്ഷണവും സ്വകാര്യമേഖലയിൽ തൊഴിൽ ചെയ്യുന്നവർക്കും അവ കാശപ്പെടാവുന്നതാണ്.

**17 തൊഴിൽപരമായ ബുദ്ധിമുട്ടുകൾ നേരിട്ടാൽ ആരെയാണ് സമീപിക്കേണ്ടത്?**

എല്ലാ സർക്കാർ സ്ഥാപനവും തൊഴിൽപരമായ ബുദ്ധിമുട്ടുകൾ അറിയിക്കുന്നതിനായി ഒരു പരാതി പരിഹാര ഓഫീസറെ നിയമിക്കേണ്ടതാണ്. സെക്ഷൻ 20-ലെ വ്യവസ്ഥകൾ പാലിക്കാത്തതിൽ ആക്ഷേപമുള്ള ഏതൊരു വ്യക്തിക്കും പരാതി ഫയൽ ചെയ്യാം. പരാതിപരിഹാര ഓഫീസർ അത് അന്വേഷിക്കുകയും വിഷയം ഏറ്റെടുക്കുകയും ചെയ്യും. എല്ലാ പരാതികളും രണ്ടാഴ്ചയ്ക്കുള്ളിൽ അന്വേഷിക്കേണ്ടതാണ്. തന്റെ പരാതിയിൽ സ്വീകരിച്ച നടപടിയിൽ ആക്രമിക്കപ്പെട്ട വ്യക്തി തൃപ്തനല്ലെങ്കിൽ അയാൾ അല്ലെങ്കിൽ അവൾ ഭിന്നശേഷിക്കാരായ വ്യക്തികളുടെ നിയമപ്രകാരം സ്ഥാപിച്ചിട്ടുള്ള ജില്ലാതല കമ്മിറ്റിയെ സമീപിക്കാവുന്നതാണ്. (RPwD s23). ഇത്തരം ജില്ലാ കമ്മിറ്റികളെ സംസ്ഥാന സർക്കാർ വകുപ്പ് 72 പ്രകാരം എല്ലാ ജില്ലകളിലും രൂപീകരിക്കേണ്ടതാണ്.

**18 ഭിന്നശേഷി വ്യക്തികളുടെ സംരക്ഷണത്തിന് വേണ്ടി സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്?**

ഭിന്നശേഷി വ്യക്തികളുടെ സംരക്ഷണത്തിനു വേണ്ടുന്ന സ്ഥാപനങ്ങൾ തുടങ്ങുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനു വേണ്ടി സംസ്ഥാന ഗവൺമെന്റ് അതിനു പ്രാപ്തമായ ഒരു അധികാരിയെ നിയമിക്കേണ്ടതാണ്. ഈ അധികാരി നൽകിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ വൈകല്യമുള്ളവർക്കായി ഒരു സ്ഥാപനവും സ്ഥാപിക്കുകയോ പരിപാലിക്കുകയോ ചെയ്യരുത്. (ഭിന്നശേഷിയുള്ളവരുടെ അവകാശ നിയമം 2016 സെക്ഷൻ 49,50).



സർട്ടിഫിക്കറ്റിനായുള്ള എല്ലാ അപേക്ഷകളും സംസ്ഥാന സർക്കാർ നിർദ്ദേശിച്ച തരത്തിലുള്ള വിധം രജിസ്ട്രേഷനായി അധികാരിക്ക് സമർപ്പിക്കേണ്ടതാണ്. ഇപ്രകാരമുള്ള ഒരു അപേക്ഷ ലഭിച്ചു കഴിഞ്ഞ് അപേക്ഷകൻ ആവശ്യകതകൾ പാലിച്ചിട്ടുണ്ടെന്ന് അധികാരിക്ക് തൃപ്തിപ്പെട്ടാൽ ഈ നിയമപ്രകാരം അപേക്ഷകന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകും. സർട്ടിഫിക്കറ്റ് സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ചു കാലാകാലങ്ങളിൽ പുതുക്കാവുന്നതാണ്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ സാധുതയുള്ള കാലയളവ് അവസാനിക്കുന്നതിന് മുമ്പ് 60 ദിവസത്തിൽ കുറയാതെ നൽകേണ്ടതാണ്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഒരു പകർപ്പ് സ്ഥാപനം പ്രകടമായ രീതിയിൽ പ്രദർശിപ്പിക്കേണ്ടതാണ്. (RPwD s51). ഏതെങ്കിലും തരത്തിൽ വിശദാംശങ്ങളിൽ തെറ്റ് വരുത്തുകയോ നിയമങ്ങളുടെ ലംഘനം നടത്തുകയോ ചെയ്തതായി അധികാരികൾക്ക് ബോധ്യപ്പെട്ടാൽ പ്രത്യേക ഉത്തരവ് പ്രകാരം സർട്ടിഫിക്കറ്റ് അസാധുവാക്കാം. (RPwD s52). സർട്ടിഫിക്കറ്റ് റദ്ദാക്കിയതുമായി ബന്ധപ്പെട്ട തർക്കങ്ങൾക്കായി സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന അപ്പലെറ്റ് അതോറിറ്റിയെ സമീപിച്ചു അപ്പീൽ നൽകാവുന്നതും അത്തരം അപ്പീൽ അധികാരിയുടെ ഉത്തരവ് അന്തിമവുമായിരിക്കും. (RPwD s53). എന്നാൽ ഇത് കേന്ദ്രസർക്കാരോ സംസ്ഥാന സർക്കാരോ നടത്തുന്ന ഏതെങ്കിലും സ്ഥാപനത്തിനു ബാധകമായിരിക്കുന്നതല്ല. (RPwD s54). അതാത് സർക്കാരുകൾ അവരുടെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കു നിയമപ്രകാരമുള്ള പദ്ധതികളും പരിപാടികളും നടത്തുന്നതിനുവേണ്ടുന്ന സാമ്പത്തിക സഹായം നൽകണം. കേരളത്തിൽ സാമൂഹ്യനീതി വകുപ്പ് ജോയിന്റ് ഡയറക്ടറിനെ അധികാരിയായും സാമൂഹ്യ നീതിവകുപ്പ് ഡയറക്ടറിനെ അപ്പലെറ്റ് അധികാരിയായും നിയമിച്ചിട്ടുണ്ട്. (ചട്ടങ്ങൾ, 2020 r12)

**19 എന്താണ് ഭിന്നശേഷി സർട്ടിഫിക്കറ്റ് (Certificate of Disability)? അത് എങ്ങനെയാണ് ലഭിക്കുക?**

ഒരു വ്യക്തിയുടെ നിർദ്ദിഷ്ട വൈകല്യങ്ങൾ വിലയിരുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ ആണ് നൽകുന്നത്. അത് പ്രകാരം ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകുന്നതിനായി ആവശ്യമായ യോഗ്യതകളും അനുഭവപരിചയവും ഉള്ള പ്രത്യേക അധികാരികളെ സംസ്ഥാന സർക്കാർ നിയമിക്കും. (RPwD s56,s 57) നിർദ്ദിഷ്ട വൈകല്യമുള്ള ഏതൊരു വ്യക്തിക്കും അപേക്ഷിക്കാം. ഈ വകുപ്പ് പ്രകാരം നൽകുന്ന ഭിന്നശേഷി സർട്ടിഫിക്കറ്റ് (Certificate of Disability) രാജ്യത്തുടനീളം സാധുതയുള്ളതായിരിക്കും. (RPwD s58)

ഭിന്നശേഷി സർട്ടിഫിക്കറ്റ് സംബന്ധിച്ച് അധികാരിയുടെ തീരുമാനത്തിൻമേലുള്ള അപ്പീലുകൾ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ള അധികാരിക്ക് നൽകാവുന്നതാണ്. ഇതിൻപ്രകാരം കേരളത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ (District Medical Officer /DMO) മുൻപാകെ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ നൽകാവുന്നതും അദ്ദേഹം രൂപീകരിക്കുന്ന മെഡിക്കൽ ബോർഡ് അപേക്ഷ പരിശോധിച്ച് വിശകലനം ചെയ്ത് സർട്ടിഫിക്കറ്റ് നൽകുന്നതാണ്. (ചട്ടങ്ങൾ, 2017 r 17). ഓരോ അപേക്ഷയുടെയും അടിസ്ഥാനത്തിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തിയാണ് മെഡിക്കൽ ബോർഡ് രൂപീകരിക്കുന്നത്. കേരള സർക്കാരിന്റെ ഭിന്നശേഷിയുള്ള വ്യക്തികളുടെ അവകാശ ചട്ടങ്ങൾ, 2020 പ്രകാരം മെഡിക്കൽ ബോർഡിന്റെ തീരുമാനത്തിൻമേൽ പരാതികളുള്ളവർ സ്റ്റാന്റിങ് അപ്പലെറ്റ് മെഡിക്കൽ ബോർഡിന്റെ (Standing Appellate Medical Board) മുൻപാകെ മെഡിക്കൽ ബോർഡിന്റെ തീരുമാനം ലഭിച്ച് മുപ്പതു (30) ദിവസത്തിനകം അപ്പീൽ നൽകേണ്ടതാണ്. സ്റ്റാൻഡിംഗ് അപ്പലെറ്റ് മെഡിക്കൽ ബോർഡിന്റെ തലവൻ കേരളത്തിലെ അഞ്ചു സർക്കാർ മെഡിക്കൽ കോളേജുകളിൽ



ഏതെങ്കിലും ഒന്നിന്റെ സൂപ്രണ്ടായിരിക്കുന്നയാളോ അദ്ദേഹം നിർദ്ദേശിക്കുന്ന മെഡിക്കൽ കോളേജ് വകുപ്പ് മേധാവിയോ ആയിരിക്കണം. തൃപ്തികരമായ കാരണങ്ങളുള്ള പക്ഷം മുപ്പതു ദിവസത്തിനു ശേഷം നൽകിയ അപ്പീലുകളും സ്വീകരിക്കാവുന്നതാണ്. (ചട്ടങ്ങൾ 2020,r 17(4)) സ്റ്റാന്റിങ് അപ്പലെറ്റ് മെഡിക്കൽ ബോർഡ് അപ്പീൽ ലഭിച്ച് 45 ദിവസത്തിനകം അപ്പീൽ നൽകിയയാളെ കേൾക്കുകയും തീർപ്പാക്കുകയും വേണം. (ചട്ടങ്ങൾ 2020, r17(3))

**20. ഭിന്നശേഷി വ്യക്തികളുടെ അവകാശ സംരക്ഷണത്തിന് ഏതെല്ലാം അധികാര സ്ഥാപനങ്ങളാണുള്ളത്?**

ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി കേന്ദ്ര തലത്തിൽ കേന്ദ്ര ഉപദേശകസമിതിയും സംസ്ഥാനതലത്തിൽ സംസ്ഥാന ഉപദേശകസമിതിയും രൂപീകരിച്ചിട്ടുണ്ട്. ജില്ലാതല ഉപദേശക സമിതികളും നിയമത്തിൽ നിർദ്ദേശിക്കുന്നുണ്ട്. ഭിന്നശേഷിക്കാരുടെ പരാതികൾ തീർപ്പു കൽപ്പിക്കുന്നതിനായി കേന്ദ്രതലത്തിൽ ചീഫ് ഭിന്നശേഷി കമ്മീഷണറും സംസ്ഥാന തലത്തിൽ സംസ്ഥാന ഭിന്നശേഷി കമ്മീഷണറും നിലവിലുണ്ട്.

**21. ഭിന്നശേഷി നിയമത്തിന്റെ കീഴിൽ പ്രത്യേക കോടതി അനുവദിച്ചു നൽകിയിട്ടുണ്ടോ?**

ഉണ്ട്. വേഗത്തിലുള്ള വിചാരണ നൽകുന്നതിന്, ഓരോ ജില്ലയ്ക്കും പ്രത്യേക കോടതി അനുവദിച്ചു ഉത്തരവായിട്ടുണ്ട്. (RPwD s84)

**22 ഭിന്നശേഷിയുള്ളവർക്കെതിരെയുള്ള അതിക്രമങ്ങൾക്ക് ഈ പ്രത്യേക നിയമ പ്രകാരം ഉള്ള കുറ്റങ്ങളും ശിക്ഷകളും എന്തൊക്കെയാണ്?**

ഈ നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥകൾ അല്ലെങ്കിൽ ചട്ടങ്ങൾ ലംഘിക്കുന്ന ഏതൊരു വ്യക്തിക്കും അതനുസരിച്ച്, ആദ്യ ലംഘനത്തിന് 10,000 രൂപവരെ പിഴ ചുമത്തപ്പെടും. തുടർന്നുള്ള ഏതെങ്കിലും ലംഘനത്തിന് 50,000 രൂപയിൽ കുറയാത്ത പിഴയും. അത് അഞ്ച്

ലക്ഷം രൂപ വരെ നീട്ടിക്കിട്ടാവുന്നതുമാണ്. ഏതെങ്കിലും കമ്പനിയുടെ ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ മറ്റുള്ളവരുടെയോ ഭാഗത്തുനിന്ന് ഭിന്നശേഷിക്കാരനായ വ്യക്തി എന്തെങ്കിലും അവഗണനയ്ക്ക് വിധേയമാവുകയോ അല്ലെങ്കിൽ അതിന് കാരണമാവുകയോ ചെയ്താൽ ആ കുറ്റത്തിന് ശിക്ഷിക്കപ്പെടാനും പ്രസ്തുത ഉദ്യോഗസ്ഥർ ബാധ്യസ്ഥരായിരിക്കും. (RPwD s89, s 90)

ബെഞ്ച്മാർക്ക് ഭിന്നശേഷിയുള്ള വ്യക്തികൾക്കായി ഉദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആനുകൂല്യം ആരെങ്കിലും വഞ്ചനാപരമായി കവർന്നെടുക്കുവാനോ അല്ലെങ്കിൽ കവർന്നെടുക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന പക്ഷം രണ്ടു വർഷം വരെ നീട്ടിയേക്കാവുന്ന കാലയളവിലേക്കുള്ള തടവ് ശിക്ഷയ്ക്ക് അർഹരായിരിക്കും. അല്ലെങ്കിൽ ഒരു ലക്ഷം രൂപ വരെ പിഴയോ രണ്ടും കൂടിയോ ശിക്ഷയായി ലഭിക്കാവുന്നതാണ്. ((RPwD s91)

ആരെങ്കിലും ഏതെങ്കിലും തരത്തിലുള്ള ഭിന്നശേഷിയുള്ള ഒരു വ്യക്തിയെ അപമാനിക്കുക എന്ന ഉദ്ദേശ്യത്തോടെ മനഃപൂർവ്വം അപമാനിക്കുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്യുക, ഭിന്നശേഷിക്കാരനായ ഏതെങ്കിലും വ്യക്തിയെ അപമാനിക്കാനോ പ്രകോപിപ്പിക്കാനോ ഉള്ള ഉദ്ദേശ്യത്തോടെ ആക്രമിക്കുകയോ ബലപ്രയോഗം നടത്തുകയോ ചെയ്യുക, ഭിന്നശേഷിക്കാരനായ ഒരു വ്യക്തിയുടെ മേൽ ചാർജോ നിയന്ത്രണമോ ഉണ്ടായിരിക്കുക, അത്തരം ചാർജ്ജുള്ള വ്യക്തി അവനോ അവൾക്കോ ഭക്ഷണമോ കുടിവെള്ളമോ നിഷേധിക്കുക, അവളെ ലൈംഗികമായി ചൂഷണം ചെയ്യുക, അവളുടെ സമ്മതമില്ലാതെ ഗർഭധാരണം അവസാനിപ്പിക്കുന്നതിലേക്ക് നയിക്കുക എന്നിവ ചെയ്താൽ 6 മാസത്തിൽ കുറയാത്ത ഒരു കാലയളവിലേക്ക് തടവുശിക്ഷയും പിഴയും ലഭിക്കാവുന്നതുമാണ്. ഈ ശിക്ഷ അഞ്ച് വർഷം വരെ നീട്ടാവുന്നതുമാണ്. (RPwD s92)

ഈ നിയമപ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരെങ്കിലും, ഏതെങ്കിലും പുസ്തകം, അക്കൗണ്ട്, അല്ലെങ്കിൽ മറ്റ് രേഖകൾ അല്ലെങ്കിൽ



ഏതെങ്കിലും പ്രസ്താവനയോ വിവരങ്ങളോ വിശദാംശങ്ങളോ ഈ നിയമത്തിന് കീഴിലെ മറ്റെന്തെങ്കിലും ഓർഡർ തുടങ്ങിയവ ഹാജരാക്കുന്നതിൽ അല്ലെങ്കിൽ നിർദ്ദേശം നൽകുന്നതിൽ വീഴ്ച വരുത്തിയാൽ 25,000/ രൂപ വരെ പിഴ ചുമത്താവുന്നതാണ്. തുടർച്ചയായി പരാജയപ്പെടുകയോ നിരസിക്കുകയോ ചെയ്താൽ, തുടർന്നുള്ള പിഴ, ഓരോ ദിവസവും ആയിരം രൂപ വരെ നീട്ടിയേക്കാം. ഇതിൻ പ്രകാരം സർക്കാരിലെ ഒരു ജീവനക്കാരൻ ചെയ്തതായി ആരോപിക്കപ്പെടുന്ന ഒരു കുറ്റവും, ഗവൺമെന്റിന്റെ മുൻ അനുമതിയോ അല്ലെങ്കിൽ ഇതിനായി അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥൻ നൽകിയ പരാതിയോ കൂടാതെ ഒരു കോടതിയും പരിഗണിക്കാൻ പാടില്ല. (RPwD s93,s94)

ഈ നിയമപ്രകാരമുള്ള ശിക്ഷാർഹമായ ഒരു കുറ്റകൃത്യവും, കൂടാതെ മറ്റേതെങ്കിലും കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന നിയമങ്ങൾ പ്രകാരവും കുറ്റക്കാരനെന്ന് കണ്ടെത്തുന്ന കുറ്റവാളിക്ക്, അതിൽ ഏറ്റവും വലിയ കുറ്റത്തിനുള്ള ശിക്ഷ തന്നെ നിയമപ്രകാരം നൽകുന്നതാണ്. (RPwD s95)

**23. നിലവിലുള്ള മറ്റു നിയമങ്ങൾ പുതിയ ഭിന്നശേഷിയുള്ള വ്യക്തികളുടെ അവകാശ നിയമത്തെ (RPwD Act 2016) ഏതുവിധത്തിലാണ് ബാധിക്കുക?**

ഭിന്നശേഷിയുള്ള വ്യക്തികളുടെ അവകാശ നിയമം 2016 നിലവിലുള്ള മറ്റു നിയമങ്ങൾക്കു പുറമെ പ്രാബല്യത്തിൽ ഉള്ളതായിരിക്കും. ഇന്ത്യൻ ഭരണഘടന ഉറപ്പുവരുത്തുന്ന അവകാശങ്ങൾ, 1960-ലെ ഇന്ത്യൻ ശിക്ഷ നിയമം, 1999-ലെ ദേശീയ ട്രസ്റ്റ് നിയമം (National Trust Act 1999) തുടങ്ങിയവ അതാത് അവസരങ്ങളിൽ പ്രാബല്യമുള്ളതാണ്.

**24. 2016-ലെ നിയമത്തിൽ മാറ്റങ്ങൾ വരുത്തുവാൻ സർക്കാരിന് അധികാരമുണ്ടോ ?**

2016-ലെ നിയമത്തിലെ ഏതെങ്കിലും വകുപ്പ് പ്രാബല്യത്തിൽ വരുത്തുന്നത് ശ്രമകരമാണെങ്കിൽ അത് പ്രായോഗികമാക്കുന്ന വിധം

ഉത്തരവ് നൽകാൻ കേന്ദ്ര സർക്കാരിന് അധികാരം ഉണ്ടായിരിക്കും. അങ്ങനെയുള്ള ഉത്തരവ് കാലതാമസം കൂടാതെ രണ്ടു നിയമനിർമ്മാണ സഭകളുടെയും അംഗീകാരത്തിനു വച്ചിരിക്കണം. (RPwD s98) സമാനമായി സർക്കാരുകളുടെ നിർദ്ദേശ പ്രകാരമോ അല്ലാതെയോ 2016-ലെ നിയമത്തിന്റെ ഷെഡ്യൂളിൽ വിജ്ഞാപനത്തിലൂടെ മാറ്റം വരുത്തുവാനുള്ള അധികാരം കേന്ദ്ര സർക്കാരിനുണ്ടായിരിക്കും. അത്തരം വിജ്ഞാപനങ്ങളും കാലതാമസം കൂടാതെ രണ്ടു നിയമനിർമ്മാണ സഭകളുടെയും അംഗീകാരത്തിനു വച്ചിരിക്കണം. (RPwD s 99). ചട്ടങ്ങൾ നിർമ്മിക്കാനുള്ള അധികാരത്തിനു പുറമെയാണ് കേന്ദ്ര സർക്കാരിനു ഈ അധികാരങ്ങൾ നിയമം നൽകുന്നത്. സംസ്ഥാന സർക്കാരിനും ചട്ടങ്ങൾ നിർമ്മിക്കുവാനുള്ള അധികാരം നിയമം നൽകുന്നുണ്ട്. കേന്ദ്ര സർക്കാർ നിർമ്മിക്കുന്ന ചട്ടങ്ങൾ കേന്ദ്ര നിയമ നിർമ്മാണ സഭകളിലും സംസ്ഥാന സർക്കാർ നിർമ്മിക്കുന്ന ചട്ടങ്ങൾ സംസ്ഥാന നിയമസഭയിലും കാലതാമസം കൂടാതെ അവതരിപ്പിച്ചിരിക്കണം. (RPwD s100, 101)

**25. കമ്മീഷനോ സർക്കാരോ ഉദ്യോഗസ്ഥരോ ഉത്തമ വിശ്വാസത്തോടെ ചെയ്യുന്ന പ്രവർത്തികൾക്ക് സംരക്ഷണം ലഭിക്കുമോ?**

സർക്കാരിനും സർക്കാർ ഉദ്യോഗസ്ഥർക്കും ചീഫ് കമ്മീഷണർക്കും സംസ്ഥാന കമ്മീഷണർക്കും അവരുടെ ജീവനക്കാർക്കും അവർ ഉത്തമ വിശ്വാസത്തോടെ ഭിന്നശേഷിക്കാരുടെ സംരക്ഷണത്തിനു വേണ്ടി ചെയ്യുന്ന പ്രവർത്തികൾക്ക് നിയമത്തിന്റെ പരിരക്ഷ ഉണ്ടായിരിക്കുന്നതാണ്. അതിനെതിരായി നിയമ നടപടികളൊന്നും നിലനിൽക്കുന്നതല്ല (RPwD s 97)

**26. നിയമത്തിൽ പ്രതിപാദിക്കുന്ന നിർദ്ദിഷ്ട പ്രത്യേക ഭിന്നശേഷികൾ എന്തെല്ലാമാണ് ?**

2016-ലെ നിയമത്തിന്റെ പട്ടകയിലാണ് വൈകല്യങ്ങളെ ക്രമമായി നൽകിയിരിക്കുന്നത്. 21 ശാരീരിക-മാനസിക അവസ്ഥകളെയാണ് ഇതിൽ വൈകല്യങ്ങളായി ക്രമപ്പെടുത്തിയിട്ടുള്ളത്. ഈ വൈകല്യങ്ങളുടെ അടിസ്ഥാനത്തിലാണ് ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകുന്നത്.



A. ചലനവൈകല്യം (Locomotor Disability)
B. മസ്കുലാർ ഡിസ്ട്രോഫി (Muscular Dystrophy)
C. മൾട്ടിപ്പിൾ സ്ലീറോസീസ് (Multiple Scierosis)
D. ഹ്രസ്വകായത്വം (Dwarfism)
E. അന്ധത (Blindness)
F. ഗുരുതരമായ കാഴ്ചക്കുറവ് (Low Vision)
G. പഠനവൈകല്യം (Specific Learning Disabilities)
H. സംസാര ഭാഷാ വൈകല്യം (Speech & Learning Disability)
I. ബുദ്ധിപരമായ വെല്ലുവിളി (Intellectual Disability)
J. മാനസിക രോഗം (Mental Illness)
K. ഓട്ടിസം (Autism Spectrum Disorder)
L. കേൾവി ഇല്ലായ്മ (Deaf)
M. കുഷ്ഠ രോഗ വിമുക്തം (Leprosy Cured)
N. ഹീമോഫീലിയ (Heamophilia)
O. താലസീമിയ (Thalassemia)
P അരിവാൾ രോഗം (Sickle Cell Disease)
Q. സെറിബ്രൽ പാൾസി (Cerebral Palsy)
R. ഹാർഡ് ഓഫ് ഹിയറിംഗ് (Hard of Hearing)
S. ബഹു വൈകല്യ (Multiple Disabilities)
T. ആസിഡ് ആക്രമണത്തിനു വിധേയമായവർ (Acid Attack Victims)
U. പാർക്കിൻസൺസ് രോഗം (Parkinson's Disease)

**27. ഭിന്നശേഷിക്കാർക്കുള്ള യു.ഡി.ഐ.ഡി. കാർഡ്** (Unique Disability ID )**എന്താണ് ?**

കേന്ദ്ര സാമൂഹ്യ മന്ത്രാലയത്തിനു കീഴിലുള്ള ഭിന്നശേഷി വ്യക്തികളുടെ ശാക്തീകരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഭിന്നശേഷി

വ്യക്തികളുടെ വിവിരശേഖരണാർത്ഥമുള്ള ഉദ്യമമാണ് യുണിക് ഡിസബിലിറ്റിഐ.ഡി.അഥവായു.ഡി.ഐ.ഡി. ഭിന്നശേഷിക്കാർക്ക് ഏതൊരു ആവശ്യത്തിനും ഉപയോഗിക്കാവുന്ന ഡിജിറ്റൽ ഐഡന്റിറ്റി കാർഡാണിത്. ഈ കാർഡ് ഒരു ഭിന്നശേഷിക്കാരന് എല്ലാവിധത്തിലുമുള്ള അവകാശ സംരക്ഷണത്തിനും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാരിന്റെ ഏതു തലത്തിലും ബന്ധപ്പെടുന്നതിനും പ്രയോജനപ്പെടുന്നു. അപേക്ഷകൾ ഓൺലൈൻ മുഖേനയോ അല്ലാതെയോ നൽകാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനിയും കൊടുത്തിരിക്കുന്ന വെബ് സൈറ്റ് സന്ദർശിക്കാവുന്നതാണ്. https: //swavlambancard.gov.in

## ഉപസംഹാരം

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ഒട്ടേറെ മനുഷ്യരുടെ ജീവിത സമരമാണ് ഭിന്നശേഷിയുള്ള വ്യക്തികളുടെ അവകാശ നിയമത്തിലൂടെ അംഗീകരിക്കപ്പെട്ടത്. വാക്കുകൾകൊണ്ട് വിവരിക്കാവുന്നതിലും അധികമായി വ്യക്തി നേരിടുന്ന പരീക്ഷണങ്ങളാണ് അവരുടെ ജീവിതം. ആ വെല്ലുവിളികളെ നേരിടുന്നതിന് നിയമത്തിനു നൽകുവാൻ കഴിയുന്ന പരമാവധി പിന്തുണ ഉറപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഈ കാലം കൊണ്ട് നിയമം ഉപയോഗിച്ച് വിജയം നേടിയവർ നമ്മൾക്ക് പ്രചോദനമാണ്. എന്നാൽ അധികാരത്തിന്റെ ദണ്ഡുകൾ കൊണ്ട് ഉണ്ടാക്കാനാവുന്നതിലും അധികം മാറ്റം അവരെ കൂടെ കൂട്ടുവാൻ ഉതകുന്ന ഒരു മനസ്സുണ്ടായാൽ സാധിക്കും. അങ്ങനെയൊരു മാറ്റത്തിനു ഈ നിയമം സമൂഹത്തിൽ കാരണമാകട്ടെ.

***തയ്യാറാക്കിയത്:***

അഡ്വ. ജിനോ എം. കുര്യൻ, *ലോ ആന്റ് ജസ്റ്റിസ് റിസർച്ച് ഫൗണ്ടേഷൻ*

അഡ്വ. നീലിമ വി.നായർ, *ലോ ആന്റ് ജസ്റ്റിസ് റിസർച്ച് ഫൗണ്ടേഷൻ*



## അനുബന്ധം

**POLICE** **KERALA** **DEPARTMENT**

**No.D3-176333/2021/PHQ**
Police Headquarters,
Thiruvananthapuram
phq.pol@kerala.gov.in
04712721547
Dated. 24-11-2021

**Circular. 31/2021/PHQ**

Sub : 2016- ലെ ഭിന്നശേഷി അവകാശ സംരക്ഷണ നിയമത്തിലെ കുറ്റകൃത്യങ്ങൾ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച്.

Ref : 1. 2016- ലെ ഭിന്നശേഷി അവകാശ സംരക്ഷണ നിയമം (2016-ലെ 49-ാം കേന്ദ്ര നിയമം)
2. സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ 09-09-2021-ലെ 3015/COMM/എസ് 2/2021/എസ്. സി. പി. ഡബ്ല്യു.ഡി. നമ്പർ കത്ത്.

ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംബന്ധിച്ച 2016-ലെ പുതിയ കേന്ദ്ര നിയമം 2017-ൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. പുതിയ നിയമത്തിലെ വ്യവസ്ഥകളിൽ പോലീസ് ഉദ്യോഗസ്ഥർക്ക് അവഗാഹമുണ്ടായിരിക്കേണ്ടതിന്റെ ആവശ്യകത സൂചനയിലെ രണ്ടാം നമ്പർ കത്തിൽ സംസ്ഥാന ഭിന്നശേഷി കമ്മീഷണർ വ്യക്തമാക്കിയിട്ടുണ്ട്.

2016- ലെ ഭിന്നശേഷി അവകാശ സംരക്ഷണ നിയമത്തിലെ അധ്യായം 16 പ്രസ്തുത ആക്റ്റിൻ കീഴിലുള്ള കുറ്റകൃത്യങ്ങളെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നു. ഭിന്നശേഷിക്കാർക്കെതിരെ കുറ്റകൃത്യം ചെയ്യപ്പെട്ടുവെന്ന് ബോധ്യമാകുന്ന കേസുകളിൽ പ്രസ്തുത അദ്ധ്യായത്തിലെ വകുപ്പുകൾ കൂടി ബാധകമാണോയെന്നു പരിശോധിച്ച് അവ പ്രസക്തമായ രീതിയിൽ മറ്റു പൊതുനിയമങ്ങളിലെ വ്യവസ്ഥകൾക്കൊപ്പം ചേർക്കുന്നത് ഭിന്നശേഷിക്കാർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിന് സഹായകരമാകുമെന്നു കാണുന്നു. ആതിനാൽ ഭിന്നശേഷിക്കാർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ 2016- ലെ ഭിന്നശേഷി അവകാശ സംരക്ഷണ നിയമത്തിലെ അധ്യായം 16-ലെ വ്യവസ്ഥകൾ കൂടിപരിഗണിച്ചായിരിക്കണം കേസ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് ഇതിനാൽ കർശനമായി നിർദ്ദേശിക്കുന്നു. മേൽപ്പറഞ്ഞ നിർദ്ദേശം ഇതുമായി ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥരും പരിപാലിക്കുന്നുണ്ടെന്നു മേലുദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്.

Anil Kant IPS
State Police Chief

To : ലിസ്റ്റ് എ/ബി/സി/ഡി-ലെ എല്ലാ ഉദ്യോഗസ്ഥർക്കും

Copy To : പി.എച്ച്.ക്യു-ലെ എല്ലാ ഉദ്യോഗസ്ഥർക്കും/സംസ്ഥാന പോലീസ് മേധാവിയുടെ സി എ
എല്ലാ യൂണിറ്റ് തലവന്മാർക്കും/ എല്ലാ എസ് ഡി പി ഒ-മാർക്കും/എല്ലാ എസ് എച്ച് ഒ-മാർക്കും
The State Commissioner for Persons with Disabilities, Anjaneya, T. C.-9/1023 (1), Ground Floor, Sasthamangalam, Thiruvananthapuram-695 010
സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്

D3-176333/2021/PHQ